# സാമൂഹ്യശാസ്ത്രം I

## സ്റ്റാൻഡേർഡ് IX

ഭാഗം-2

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 565-1/Soc. Sci.-I-9(M) Vol-2

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സമൂഹത്തിന്റെ വികാസപരിണാമങ്ങളും മനുഷ്യന്റെ ബഹുമുഖമായ വളർച്ചയുമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പഠനവിഷയം. സാമൂഹിക ജീവിതത്തെയും പ്രതിഭാസങ്ങളെയും സമഗ്രമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്യാൻ സാമൂഹ്യശാസ്ത്രപഠനം അനിവാര്യമാണ്. സ്ഥലകാലബോധവും കാര്യ-കാരണ ബന്ധവും ശാസ്ത്രീയമനോഭാവവും ജീവിതമൂല്യങ്ങളും വിശാലവീക്ഷണവും സാമൂഹ്യശാസ്ത്രപഠനത്തിലൂടെ സാധ്യമാവേണ്ടതുണ്ട്. ചരിത്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും സമൂഹശാസ്ത്രവുമായി ഇഴപിരിയുന്നുണ്ടെങ്കിലും ഉദ്ഗ്രഥനത്തിന്റെ സാധ്യതകളും മേഖലകളും പരിഗണിച്ചുകൊണ്ടാണ് ഈ പാഠപുസ്തകം തയാറാക്കിയിട്ടുള്ളത്.

മധ്യകാല ലോകത്തിന്റെയും ഇന്ത്യയുടെയും കേരളത്തിന്റെയും ഒരു സമഗ്രചിത്രം നൽകാൻ ചരിത്രപാഠങ്ങൾക്കു കഴിയും. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിലെ പൗരനെന്ന നിലയിൽ മൗലികാവകാശങ്ങളുടെ പ്രാധാന്യവും അനിവാര്യതയും രാഷ്ട്രതന്ത്ര പാഠഭാഗങ്ങളിലൂടെ വ്യക്തമാകും. സാമൂഹികപ്രശ്നങ്ങളും പരിഹാരമാർഗങ്ങളും സമൂഹശാസ്ത്രപഠനത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

വൈവിധ്യങ്ങളെ ആദരിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും മനുഷ്യരുൾപ്പെടെ എല്ലാ ജീവജാലങ്ങളോടും സമഭാവം പുലർത്താനും സാമൂഹ്യശാസ്ത്രപാഠപുസ്തകം നിങ്ങളെ സഹായിക്കും.

സ്നേഹാശംസകളോടെ,

**ഡോ.പി.എ.ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരള

# പാഠപുസ്തക രചനാസമിതി

**അബ്ദുൽ അസീസ് വി.പി.** വി.പി.കെ.എം.എം.എച്ച്.എസ്.എസ്.,പുത്തൂർ പള്ളിക്കൽ, മലപ്പുറം

**അഭിലാഷ് കുമാർ കെ. ജി.** ദേവധാർ ഗവ. എച്ച്.എസ്.എസ്, താനൂർ, മലപ്പുറം

**അമർ.** എച്ച്.എസ്.എസ്, മട്ടന്നൂർ, കണ്ണൂർ

**ജയകൃഷ്ണൻ ഒ.കെ.** കെ.പി.സി.എച്ച്.എസ്.എസ്., പട്ടാന്നൂർ, കണ്ണൂർ

**ജ്യോതിഷ്കുമാർ ബി.** എം.ജി.എച്ച്.എസ്.എസ്., ഇടത്തറ, പത്തനാപുരം, കൊല്ലം

**പ്രദീപൻ ടി.** ജി.എച്ച്.എസ്.എസ്., കല്ലാച്ചി, കോഴിക്കോട്

**ഫൈസൽ വി.** ജി.ജി.എച്ച്.എസ്.എസ്. പറയഞ്ചേരി, കോഴിക്കോട്

**പ്രസാദ് വി. ജി.** ജി.എച്ച്.എസ്.എസ്. കടമ്മനിട്ട, പത്തനംതിട്ട

**മുരളീധരൻ നായർ.പി. എൻ.** എൻ.എസ്.എസ്. എച്ച്.എസ്.എസ്., ആനിക്കാട്, കോട്ടയം

**മുഹമ്മദ് മുസ്തഫ.** ലക്ചറർ, ഡയറ്റ്, മലപ്പുറം

**യൂസഫ് കുമാർ എസ്.എം.** ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്., ആറ്റിങ്ങൽ, തിരുവനന്തപുരം

**രത്നാകരൻ ടി.** ജി.ബി.എച്ച്.എസ്.എസ്, മലപ്പുറം

**ഹരിപ്രദീപ് എസ്.** എസ്.വി.എച്ച്.എസ്., പുല്ലാട്, തിരുവല്ല, പത്തനംതിട്ട

**ചിത്രാ മാധവൻ.** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**യഹിയ പി.** ജി.ജി.എം.ജി.എച്ച്.എസ്.എസ്. ചാലപ്പുറം, കോഴിക്കോട് (പ്രൂഫ് റീഡിങ്)

## വിദഗ്ധർ

**ഡോ. അബ്ദുൽ റസാഖ് പി.പി.** അസോസിയേറ്റ് പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. ബി. ശോഭനൻ.** ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി (റിട്ട.), കേരള യൂണിവേഴ്സിറ്റി

**ഡോ.എൻ.പി. ഹാഫിസ് മുഹമ്മദ്.** കോ- ഓർഡിനേറ്റർ, സോഷ്യോളജി ഡിപാർട്ട്മെന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി

**ഡോ. വിജയലക്ഷ്മി.** ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി (റിട്ട.), എൻ.എസ്.എസ്. കോളേജ്, മഞ്ചേരി, മലപ്പുറം

**ഡോ. വി. കുഞ്ഞാലി.** ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി (റിട്ട.), കാലിക്കറ്റ് യൂണിവേഴ്സിറ്റി

**ഡോ. കെ.പി. രാജേഷ്.** എൻ.എസ്.എസ്. കോളേജ്, മഞ്ചേരി, മലപ്പുറം

**ഡോ. സെയ്തലവി.** മലയാളം സർവകലാശാല, തിരൂർ, മലപ്പുറം

## അക്കാദമിക് കോ-ഓർഡിനേറ്റർ

**മനോജ് കെ. വി.,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012

# ഉള്ളടക്കം


| | | |
|---|---|---|
| 06 | സമന്വയത്തിന്റെ ഇന്ത്യ | 89 |
| 07 | കേരളം എട്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ | 105 |
| 08 | തിരഞ്ഞെടുപ്പും ജനാധിപത്യവും | 121 |
| 09 | നല്ല നാളെയ്ക്കായി | 135 |

ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.


അധികവായനയ്ക്ക് – വിലയിരുത്തലിന്
വിധേയമാക്കേണ്ടതില്ല


പഠനപുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ


പ്രവർത്തനങ്ങൾ


പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ


വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ

# പാഠപുസ്തകത്തെക്കുറിച്ച്

**ച**രിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നിവയുടെ ഭാഗമായി ഒമ്പത് അധ്യായങ്ങളാണ് സാമൂഹ്യശാസ്ത്രം ഒന്നാംഭാഗത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ആറ് അധ്യായങ്ങൾ ചരിത്രപാഠഭാഗങ്ങളും രണ്ട് അധ്യായങ്ങൾ രാഷ്ട്രതന്ത്രശാസ്ത്രവും ഒരു അധ്യായം സമൂഹശാസ്ത്രവുമാണ്.

തുടർച്ചയും വികാസവും ഉറപ്പാക്കുന്ന രീതിയിലാണ് ചരിത്രപാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ആറാം ക്ലാസിൽ അവതരിപ്പിച്ച മധ്യകാലചരിത്രത്തിന്റെ കുറേക്കൂടി ഉയർന്ന തലത്തിലുള്ള വസ്തുതകൾക്കും ആശയമേഖലകൾക്കും അവയുടെ വിശകലനത്തിനുമാണ് ഇവിടെ പ്രാധാന്യം നൽകിയിട്ടുള്ളത്. 'തീമാറ്റിക്' സമീപനത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രപ്രക്രിയയെ സമഗ്രമായി അവതരിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മധ്യകാലലോകം, മധ്യകാല ഇന്ത്യ, മധ്യകാല കേരളം എന്നിങ്ങനെ മധ്യകാല ജീവിതത്തിന്റെ വിവിധ തലങ്ങളെ വിശദമായ അപഗ്രഥനത്തിനു വിധേയമാക്കുന്നു.

**മധ്യകാലലോകം: അധികാരകേന്ദ്രങ്ങൾ** എന്ന അധ്യായത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്ന വ്യത്യസ്ത അധികാരകേന്ദ്രങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. വിവിധ വൻകരകളിലായി വ്യാപിച്ചുകിടന്ന വ്യത്യസ്ത അധികാരരൂപങ്ങളെ ഒരു അധ്യായത്തിലൂടെ അവതരിപ്പിക്കുന്നു.യൂറോപ്പ് കേന്ദ്രീകൃതമായ മധ്യകാലചരിത്രവിശകലന രീതികളിൽ നിന്ന് വ്യത്യസ്തമായി മധ്യകാലഘട്ടത്തിലെ ലോകത്തിന്റെ വ്യത്യസ്ത മേഖലകളിലുണ്ടായ വളർച്ചയും വികാസവും വസ്തുനിഷ്ഠമായി രേഖപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

**കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം** എന്ന അധ്യായത്തിൽ വാണിജ്യത്തിന്റെ വികാസവും നഗരവത്ക്കരണവും മധ്യകാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ സാംസ്കാരിക പുരോഗതിയും പ്രതിപാദിക്കുന്നു. ഇരുണ്ട കാലഘട്ടമെന്ന് യൂറോപ്യൻ ചരിത്രകാരന്മാർ വിശേഷിപ്പിച്ച മധ്യകാലലോകത്തിന്റെ തിളക്കമുള്ള മുഖമാണ് ഇതിലൂടെ വ്യക്തമാക്കുന്നത്.

തുടർന്ന് മൂന്ന് അധ്യായങ്ങളായി മധ്യകാല ഇന്ത്യയുടെ വിശദമായ ചരിത്രം പ്രതിപാദിക്കുന്നു. താനേശ്വരം കേന്ദ്രമാക്കി ഭരിച്ച വർധന സാമ്രാജ്യം വരെയുള്ള ഇന്ത്യാചരിത്രമാണ് എട്ടാം ക്ലാസിൽ നാം ചർച്ച ചെയ്തത്. വർധന സാമ്രാജ്യത്തിനുശേഷം അനേകം ചെറിയ രാജ്യങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി ഉയർന്നു വന്നു. പാലന്മാർ, പ്രതിഹരർ, രാഷ്ട്രകൂടർ, ചാലൂക്യർ, രജപുത്രർ എന്നിവരായിരുന്നു അവർ. ചില രാജ്യങ്ങൾ ശക്തമായിരുന്നെങ്കിലും

രാഷ്ട്രീയ ഐക്യം കൈവരിക്കുന്നതിൽ ഇവരൊന്നും തന്നെ വിജയിച്ചില്ല. അതിനാൽ ഒരു കേന്ദ്രീകൃത ഭരണകൂടം സ്ഥാപിക്കുന്നതിനോ വിപുലമായ ഒരു സാമ്രാജ്യം പടുത്തുയർത്തുന്നതിനോ അവർക്ക് സാധിച്ചില്ല. പിന്നീട് ഇന്ത്യയിൽ ശക്തമായ ഒരു കേന്ദ്രീകൃത ഭരണവ്യവസ്ഥ രൂപപ്പെടുന്നത് സൽത്തനത്ത്-മുഗൾ കാലഘട്ടത്തിലാണ്. ദക്ഷിണേന്ത്യയിൽ ചോള-വിജയനഗര ഭരണകൂടവും മറാത്തയും വളർന്നു വികസിക്കുന്നതും ഇക്കാലത്താണ്. മധ്യകാല ഇന്ത്യയിൽ രാഷ്ട്രീയമായ ഒരു ഏകീകരണത്തിന് തുടക്കം കുറിച്ച പതിമൂന്നാം നൂറ്റാണ്ടു മുതലുള്ള രാഷ്ട്രീയ-സാമൂഹ്യ സാമ്പത്തിക ചരിത്രമാണ് മധ്യകാല ഇന്ത്യാചരിത്രത്തിന്റെ ഭാഗമായി ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നത്.

**മധ്യകാല ഇന്ത്യ : രാജസങ്കൽപ്പവും ഭരണരീതിയും** എന്ന അധ്യായത്തിൽ മധ്യ കാല ഇന്ത്യയിലെ വ്യത്യസ്ത ഭരണകൂടങ്ങളും അവയുടെ പ്രത്യേകതകളും വിശദമാക്കുന്നു.

**സമ്പത്തും സമൂഹവും മധ്യകാല ഇന്ത്യയിൽ** എന്ന അധ്യായം മധ്യകാല ഇന്ത്യയിലെ സാമ്പത്തിക - സാമൂഹിക വികാസത്തെ അടയാളപ്പെടുത്താനാണ് ശ്രമിച്ചത്.

മധ്യകാല ഇന്ത്യയിലെ സാംസ്കാരിക സമന്വയമാണ് **സമന്വയത്തിന്റെ ഇന്ത്യ** ചർച്ച ചെയ്യുന്നത്. ദർശനങ്ങളുടെ സമന്വയവും ആദാനപ്രദാനബന്ധങ്ങളും പൊതു ഇട ങ്ങൾ രൂപപ്പെടുത്തിയതെങ്ങനെയെന്ന് ഈ അധ്യായം വ്യക്തമാക്കുന്നു.

മധ്യകാല കേരളത്തിന്റെ സമഗ്രമായ ജീവിതചിത്രവും ആധുനികകാലഘട്ടത്തിലേക്കുള്ള പ്രയാണവുമാണ് **കേരളം എട്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ** വിശദമാക്കുന്നത്.

തുടർന്ന് രണ്ട് അധ്യായങ്ങളിലൂടെ രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ചില പ്രധാന മേഖ ലകൾ അവതരിപ്പിക്കുന്നു.

**ഇന്ത്യൻ ഭരണഘടന : അവകാശങ്ങളും കർത്തവ്യങ്ങളും** എന്ന അധ്യായത്തിൽ ഭരണഘടനയിലെ മൗലികാവകാശങ്ങളും നിർദ്ദേശകതത്വങ്ങളും മൗലികകടമകളും വ്യക്തമാക്കുന്നു.

ജനാധിപത്യപ്രക്രിയയിൽ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രാധാന്യവും പ്രസക്തിയും വ്യത്യസ്ത തിരഞ്ഞെടുപ്പു സമ്പ്രദായങ്ങളുമാണ് **തിരഞ്ഞെടുപ്പും ജനാധിപത്യവും** ചർച്ച ചെയ്യുന്നത്.

സമൂഹശാസ്ത്രത്തിന്റെ പ്രധാനമേഖലകളിലൊന്നായ വ്യത്യസ്ത സാമൂഹിക പ്രശ്ന ങ്ങളും അവയുടെ കാരണങ്ങളുമാണ് **നല്ല നാളെയ്ക്കായി** എന്ന അധ്യായത്തിൽ പരാമർശിക്കുന്നത്.



അധ്യായം

06



# സമന്വയത്തിന്റെ ഇന്ത്യ

*ഞാൻ ജുമാമസ്ജിദിലേക്കു പോയി. പിന്നീട് മന്ത്രി അബുൽ ഫസലിന്റെയും അബുൽ ഫൈസിയുടെയും ലളിതമായ ഭവനങ്ങൾ സന്ദർശിച്ചു. ഞാൻ ഫൈസിയുടെ ചെറിയ ഭവനത്തിന്റെ പടി കടന്നപ്പോൾ ആ ഭക്തകവി സമ്രാട്ടിന്റെ മുമ്പിലിരുന്ന് ശ്രീകൃഷ്ണകീർത്തനം ഉരുവിടുന്നതായി എനിക്ക് തോന്നി.... രാജകവാടത്തിൽക്കൂടി ഞാൻ ജുമാമസ്ജിദിന്റെ അങ്കണത്തിൽ പ്രവേശിച്ചു. അസ്തമയസൂര്യന്റെ ചെങ്കതിരുകൾ ശിലാതലത്തെ സ്വർണാഭമാക്കി. ആ സമയം സലീം ചിസ്തിയുടെ ധവളശിലാ നിർമിതമായ സമാധിമന്ദിരം ശുഭ്രരത്നം പോലെ പ്രകാശിച്ചു. ഇന്ന് പള്ളിയുടെ വരാന്തയിൽ ദീൻ ഇലാഹി ശിഷ്യരാരുമില്ല. ഞാൻ മാത്രമാണ് ഇന്ന് അവിടെ ഏക തീർത്ഥാടനക്കാരി.... ഞാൻ പടികൾ കയറി വാതിൽക്കലെത്തി. സമ്രാട്ട് അക്ബറിന്റെ ശവകുടീരത്തിന്റെ വാതിലിൽ വെള്ളികൊണ്ടു നിർമിച്ച ഒരു കുതിരലാടം തറച്ചിരുന്നു. കുതിരക്കുളമ്പടി കേട്ടപ്പോഴാണ് എനിക്കാ കാര്യം ഓർമവന്നത്. അശ്വാരൂഢരായ ആയിരമായിരം രജപുത്രവീരൻമാർ എന്റെ പിതാവിനെ സഹായിക്കാൻ ഓടിയെത്തുന്നതായി ഞാൻ സങ്കൽപത്തിൽ കണ്ടു.*

മുഗൾ ചക്രവർത്തി ഷാജഹാന്റെ മകൾ ജഹനാര പേർഷ്യൻ ഭാഷയിൽ എഴുതിയ ആത്മകഥയിൽ നിന്നെടുത്തതാണ് ഈ ഭാഗം. മധ്യകാല ഇന്ത്യയിൽ നിലനിന്ന സാംസ്കാരികസമന്വയത്തിലേക്കു വെളിച്ചം വീശുന്നതാണീ വിവരണം.

ഭരണാധികാരികളുടെ ആത്മകഥകൾ, ജീവചരിത്രങ്ങൾ, സഞ്ചാരികളുടെ കുറിപ്പുകൾ, ദിനവൃത്താന്തങ്ങൾ, ചരിത്രകൃതികൾ തുടങ്ങി വ്യത്യസ്ത സ്രോതസ്സുകളിൽനിന്നാണ് മധ്യകാല ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നത്. വിവിധ സംസ്കാരങ്ങളുടെ സമന്വയത്തിന്റെ കാലമായിരുന്നു അത്. സാഹിത്യത്തിലും സംഗീതത്തിലും ചിത്രമെഴുത്തിലും ശില്പകലയിലും പുതിയ ശൈലികൾ മധ്യകാലഘട്ടത്തിൽ രൂപംകൊണ്ടു.

ഇന്ത്യയിൽ വിവിധ മതവിശ്വാസങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യയിലേക്ക് വിവിധ മതങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ കടന്നുവന്നു. ഇത് മധ്യകാലഘട്ടത്തിൽ പുതിയ ആശയങ്ങൾ രൂപംകൊള്ളുന്നതിനു കാരണമായി. ഇത്തരത്തിൽ ദർശനങ്ങളുടെ പരസ്പരസ്വാധീനത്താൽ രൂപംകൊണ്ട രണ്ട് ആശയങ്ങളാണ് സൂഫിപ്രസ്ഥാനവും ഭക്തിപ്രസ്ഥാനവും.

## സൂഫിപ്രസ്ഥാനം



### സൂഫിസം

സൂഫിസം എന്ന വാക്കിന്റെ ഉത്ഭവം 'തസവ്വുഫ്' എന്ന പദത്തിൽ നിന്നാണ്. ഈ വാക്കിന് ചരിത്രകാരന്മാർ പല അർഥങ്ങൾ നൽകിയിരിക്കുന്നു. കമ്പിളി എന്ന അർഥം വരുന്ന 'സൂഫ്' (Suf) എന്ന വാക്കിൽ നിന്നാണ് സൂഫിസം എന്ന പദമുണ്ടായത് എന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. സൂഫികൾ ധരിക്കുന്ന അയഞ്ഞ കമ്പിളിവസ്ത്രത്തെയാണ് ഈ പദം സൂചിപ്പിക്കുന്നതെന്ന് അവർ അഭിപ്രായപ്പെടുന്നു. ശുദ്ധി എന്നർഥം വരുന്ന സഫ (Safa) എന്ന വാക്കിൽനിന്നാണ് ഇതുണ്ടായതെന്നാണ് മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായം.

സൂഫിപ്രസ്ഥാനത്തെക്കുറിച്ച് മുൻക്ലാസുകളിൽ പരിചയപ്പെട്ടല്ലോ. ആത്മീയ ജീവിതത്തിനു പ്രാധാന്യം നൽകുകയും ആഡംബരജീവിതത്തോട് വൈമുഖ്യം കാണിക്കുകയും ചെയ്തവരായിരുന്നു സൂഫികൾ. പതിനൊന്നാം നൂറ്റാണ്ടിൽ മധ്യേഷ്യയിൽനിന്നാണ് ഇവർ ഇന്ത്യയിലേക്കു വന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സൂഫികൾ താമസമുറപ്പിച്ചു. അവർക്ക് നിരവധി അനുയായികളുണ്ടായി. ദൈവത്തോടു കൂടുതൽ അടുക്കാനുള്ള മാർഗമായി ഭക്തിയെ സൂഫികൾ കണക്കാക്കി. ഒരാൾ ദൈവത്തെ ശരിക്കും സ്നേഹിച്ചാൽ അയാൾ ദൈവത്തോടും ചുറ്റുമുള്ള മനുഷ്യരോടും അടുക്കുമെന്ന് സൂഫികൾ വിശ്വസിച്ചു. എല്ലാ മനുഷ്യരെയും ബഹുമാനിക്കണമെന്ന് അവർ പറഞ്ഞു. സൂഫിഗുരുവിനെ 'പീർ' അഥവാ 'ശെയ്ഖ്' എന്നും അനുയായികളെ 'മുരീദ്' എന്നും വിളിച്ചു.


സൂഫികളുടെ താമസസ്ഥലങ്ങളായ ഖാൻഗാഹുകളെക്കുറിച്ച് മുൻക്ലാസിൽ പരിചയപ്പെട്ടല്ലോ. ഖാൻഗാഹുകൾ അന്നത്തെ സാമൂഹിക-സാംസ്കാരിക ജീവിതത്തിന്റെ കേന്ദ്രങ്ങളായിരുന്നു. അജ്മീറിലെ (രാജസ്ഥാൻ) ഖ്വാജാ മൊയ്നുദ്ദീൻ ചിശ്തി പ്രസിദ്ധ സൂഫിവര്യന്മാരിൽ ഒരാളായിരുന്നു. ദൈവത്തോട് അടുക്കാനുള്ള ഒരു മാർഗം ഭക്തിഗാനാലാപനമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സൂഫീകേന്ദ്രങ്ങളിൽ ആലപിക്കുന്ന ഭക്തിഗാനങ്ങളാണ് ഖവാലികൾ. ഭരണാധികാരികളും പൊതുജനങ്ങളും ഒരുപോലെ ബഹുമാനിച്ചിരുന്ന സൂഫീവര്യനായിരുന്നു ശെയ്ഖ് നിസാമുദ്ദീൻ ഔലിയ.

ഡൽഹിയിലായിരുന്നു അദ്ദേഹത്തിന്റെ കേന്ദ്രം. സൽത്തനത്ത് കാലത്തും മുഗൾകാലഘട്ടത്തിലും വിവിധ മതസ്ഥർക്കിടയിൽ ബന്ധങ്ങളുടെ പാലങ്ങൾ തീർത്തത് സൂഫികളായിരുന്നു.

ചുവടെ നൽകിയ പട്ടിക ശ്രദ്ധിക്കൂ. ഇതിൽനിന്നു അക്കാലത്തെ പ്രശസ്ത സൂഫിവര്യന്മാർ ആരൊക്കെയാണെന്നും അവരുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഏതൊക്കെയാണെന്നും മനസ്സിലാക്കാം.


നിസാമുദ്ദീൻ ഔലിയയുടെ ദർഗയ്ക്കു മുന്നിലെ ഖവാലി

| സൂഫിവര്യന്മാർ | സ്ഥലം |
|---|---|
| • ബാബാ ഫരീദ് | • അയോധാൻ |
| • സയ്യിദ് മുഹമ്മദ് ജേസുദറാസ് | • ഗുൽബർഗ |
| • ഷാ ആലം ബുഖാരി | • ഗുജറാത്ത് |
| • ബഹാ-ഉദ്ദീൻ-സക്കരിയ | • മുൾത്താൻ |
| • ശെയ്ഖ് ശിഹാബുദ്ദീൻ സുഹ്രവർദി | • സിൽഹറ്റ് |


ശെയ്ഖ് നിസാമുദ്ദീൻ ഔലിയയും ശിഷ്യൻ അമീർ ഖുസ്രുവും - പതിനേഴാം നൂറ്റാണ്ടിലെ ഒരു ഛായാചിത്രം

മധ്യകാലഘട്ടത്തിൽ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ സാംസ്കാരികസമന്വയം സൃഷ്ടിക്കുന്നതിൽ സൂഫിസം വഹിച്ച പങ്ക് പരിശോധിക്കുക.

## ഭക്തിപ്രസ്ഥാനം

*എന്തിന്*
*കാട്ടിൽ അലയണം?*
*നഗരം ചുറ്റണം?*
*ഗ്രന്ഥങ്ങളോതും*
*കഠിനതപം ചെയ്യണം?*
*മാനത്ത് മിഴിയയച്ച്*
*ഒഴിഞ്ഞ വയറാലെ*
*വ്രതമാചരിക്കണം?*
*വരൂ....*
*സർവജ്ഞനായ അവനിൽ സ്വയം സമർപ്പിക്കൂ.*
*അത് മാത്രമാണ് രക്ഷ.*

ഭക്തിപ്രസ്ഥാനത്തിലെ പ്രശസ്ത ശൈവസന്ന്യാസിയായിരുന്ന അപ്പറുടെ കവിതയിലെ ഭാഗങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്.

ഭക്തിപ്രസ്ഥാനത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ച ചെയ്തിരുന്നല്ലോ. ഇഷ്ട ദൈവത്തിലേക്ക് സ്വയം സമർപ്പിക്കുന്നതിനെയാണ് ഭക്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവഭക്തിയെ അടിസ്ഥാനമാക്കി മധ്യകാലഘട്ടത്തിൽ ഉയർന്നുവന്ന ആശയങ്ങളെയും പ്രവർത്തനങ്ങളെയും പൊതുവെ ഭക്തിപ്രസ്ഥാനം എന്നു പറയുന്നു. ഒരു ജനകീയപ്രസ്ഥാനമായി ഭക്തി ആദ്യം വളർന്നുവന്നത് ദക്ഷിണേന്ത്യയിലാണ്. ആദ്യകാല ഭക്തിപാരമ്പര്യങ്ങൾക്ക് ചില സവിശേഷതകൾ ഉണ്ടായിരുന്നു. അവ താഴെ പറയുന്നവയാണ്.

- ഭക്തകവികളായ സന്ന്യാസിമാരായിരുന്നു പ്രചാരകർ.
- യാഥാസ്ഥിതിക ബ്രാഹ്മണ പാരമ്പര്യങ്ങളെ വെല്ലുവിളിച്ചു.
- സ്ത്രീകൾക്കും കീഴ്ജാതിക്കാർക്കും പ്രാതിനിധ്യം നൽകി.
- സാഹിത്യത്തിലും സംഗീതത്തിലും സംഭാവനകൾ നൽകി.

ഭക്തിപ്രസ്ഥാനം ഒരു പരിഷ്കരണ പ്രസ്ഥാനമായിരുന്നു എന്നു പറയുന്നതെന്തുകൊണ്ട്?

## ആഴ്വാർമാരും നായനാർമാരും

തമിഴ്നാട്ടിലാണ് ആദ്യകാല ഭക്തിപ്രസ്ഥാനം ഉദ്ഭവിച്ചത്. ഈ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത് ആഴ്വാർമാരും നായനാർമാരുമായിരുന്നു. ആഴ്വാർമാർ വിഷ്ണുഭക്തരും നായനാർമാർ ശിവഭക്തരുമായിരുന്നു. അവർ ഭക്തിഗാനങ്ങൾ രചിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ആഴ്വാർമാരും നായനാർമാരും ജാതീയമായ അസമത്വങ്ങളെ എതിർത്തു. അവരുടെ കൂട്ടത്തിൽ സന്ന്യാസിനിമാരുമുണ്ടായിരുന്നു. ആണ്ടാൾ വൈഷ്ണവ സന്ന്യാസിനിമാരിൽ പ്രമുഖയായിരുന്നു. മറ്റൊരു സന്ന്യാസിനിയായിരുന്ന കാരയ്ക്കൽ അമ്മയാർ ശിവഭക്തയായിരുന്നു.

ദക്ഷിണേന്ത്യയിൽ ഭക്തിപ്രസ്ഥാനം പ്രചരിപ്പിക്കുന്നതിൽ ആഴ്വാർമാരും നായനാർമാരും വഹിച്ച പങ്കു ചർച്ചചെയ്യുക.

### സാഹിത്യകൃതികൾ

63 നായനാർമാരെക്കുറിച്ച് സാഹിത്യകൃതികൾ പരാമർശിക്കുന്നു. തൊഴിലാളികൾ, കർഷകർ, വേട്ടക്കാർ, സൈനികർ, ബ്രാഹ്മണർ, മുഖ്യന്മാർ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു അവർ. അപ്പർ, സംബന്ധർ, സുന്ദരർ, മാണിക്കവാസഗർ എന്നിവരായിരുന്നു അവരിൽ പ്രധാനപ്പെട്ടവർ. അവരുടെ കൃതികളുടെ സമാഹാരം 'തേവാരം' എന്നറിയപ്പെടുന്നു. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട 12 ആഴ്വാർമാരെക്കുറിച്ചും പരാമർശമുണ്ട്. ഇവരിൽ പ്രധാനപ്പെട്ടവർ പെരിയാഴ്വർ, ആണ്ടാൾ, തൊണ്ടരടിപ്പോടി, നമ്മാൾവർ എന്നിവരാണ്. അവരുടെ രചനകൾ 'നാലായിരദിവ്യപ്രബന്ധം' എന്ന പേരിൽ സമാഹരിക്കപ്പെട്ടു.

## വീരശൈവപ്രസ്ഥാനം

> ഉള്ളവൻ ശിവാലയം പണിയുന്നു.
> പാവപ്പെട്ടവനായ ഞാൻ എന്തു പണിയും?
> എന്റെ ദേഹം അമ്പലവും കാൽ തൂണും
> ശിരസ്സ് സ്വർണത്താഴികക്കുടവും ആകുന്നു.
> കൂടലസംഗമദേവാ – കേൾക്കൂ,
> സ്ഥാവരങ്ങൾ നശിക്കും, ജംഗമം നശിക്കില്ല.




ബസവണ്ണ

കർണാടകയിൽ ജീവിച്ചിരുന്ന ബസവണ്ണയുടെ വചനസാഹിത്യത്തിലെ ഏതാനും വരികളാണിവ.

പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണാടകയിൽ രൂപംകൊണ്ട ഒരു ജനകീയപ്രസ്ഥാനമാണു വീരശൈവപ്രസ്ഥാനം. വീരശൈവർ കഴുത്തിൽ ശിവലിംഗം ധരിക്കുന്നതുകൊണ്ട് ലിംഗായത്തുകൾ എന്നും അറിയപ്പെടുന്നു. ബസവണ്ണയായിരുന്നു ഈ പ്രസ്ഥാനത്തിന്റെ നേതാവ്. ലിംഗവിവേചനത്തിനും ജാതിവിവേചനത്തിനുമെതിരെ ആദ്യമായി രംഗത്തുവന്ന പ്രസ്ഥാനമായിരുന്നു വീരശൈവരുടേത്. വീരശൈവർ ശിവഭക്തരാണ്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ ലിംഗായത്ത് വിഭാഗവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട ഒരു ജനാധിപത്യവേദിയാണ് അനുഭവമണ്ഡപം. ബസവണ്ണയുടെ നേതൃത്വത്തിൽ അനുഭവമണ്ഡപത്തിൽ കൂടിയ സമ്മേളനങ്ങളിൽ ജാതി-മത-സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാവർക്കും കടന്നുവരാനും ചർച്ചകളിൽ പങ്കെടുക്കാനും അവസരമൊരുക്കിയിരുന്നു. സമൂഹത്തിലെ അസമത്വങ്ങളെ എതിർക്കുന്നതിനും ജാതിമേധാവിത്വത്തെ ചോദ്യം ചെയ്യുന്നതിനും ഇത് വഴിതെളിച്ചു. തൊഴിലിന്റെ മഹത്ത്വത്തെക്കുറിച്ച് ആദ്യമായി പറഞ്ഞതും ബസവണ്ണയാണ്. എല്ലാ വ്യക്തികളും ഏതെങ്കിലും ഒരു തൊഴിൽ സ്വീകരിക്കണമെന്നും അത് ആത്മാർഥമായി നിർവഹിക്കണമെന്നും ബസവണ്ണ നിർദേശിച്ചു. നാം ചെയ്യുന്ന പ്രവൃത്തിയിലൂടെ ദൈവത്തെ മനസ്സിലാക്കാൻ കഴിയും എന്നദ്ദേഹം പറഞ്ഞു. ലോകത്തിൽ എല്ലാ തൊഴിലിനും അതിന്റേതായ മാഹാത്മ്യമുണ്ടെന്ന് ബസവണ്ണ ഓർമിപ്പിച്ചു.




വീരശൈവപ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് കന്നഡഭാഷയിലെ സാഹിത്യരൂപമായ വചനസാഹിത്യം പ്രസിദ്ധമായത്. ബസവണ്ണ, അല്ലമപ്രഭു, അക്ക മഹാദേവി എന്നിവർ വചനസാഹിത്യത്തിൽ വലിയ സംഭാവനകൾ നൽകിയവരാണ്. ബസവണ്ണ വചനങ്ങളിലൂടെ വേദങ്ങളുടെ പ്രാമാണികതയെ ചോദ്യം ചെയ്യുകയും സാമൂഹികപരിഷ്കരണശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വചനസാഹിത്യം കന്നഡഭാഷയുടെ വളർച്ചയെ ഏറെ സഹായിക്കുകയുണ്ടായി.

വീരശൈവപ്രസ്ഥാനം മുന്നോട്ടുവച്ച ആശയങ്ങളുടെ സമകാലിക പ്രസക്തി ചർച്ചചെയ്യുക.

**സൂഫി, ഭക്തി, വീരശൈവ പ്രസ്ഥാനങ്ങൾ മുന്നോട്ടുവെച്ച ആശയങ്ങൾ വിശകലനം ചെയ്യുക.?**

## ഭക്തിപ്രസ്ഥാനം ഉത്തരേന്ത്യയിൽ

തമിഴ്നാട്ടിൽ ആരംഭിച്ച ഭക്തിപ്രസ്ഥാനം പിൽക്കാലത്ത് ഉത്തരേന്ത്യയിലേക്കു വ്യാപിച്ചു.



ഭക്തിപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയവരെയും അവരുടെ പ്രദേശങ്ങളെയുമാണ് ഭൂപടത്തിൽ നൽകിയിരിക്കുന്നത്. അതിൽനിന്ന് ഉത്തരേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കളെയും അവരുടെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഇന്നത്തെ സംസ്ഥാനങ്ങളെയും കണ്ടെത്തി, ചുവടെ നൽകിയ പട്ടിക പൂർത്തിയാക്കുക.

| നേതാക്കൾ | സംസ്ഥാനം |
|---|---|
| • ലാൽദേദ് | • കാശ്മീർ |
| • വല്ലഭാചാര്യൻ | • ഗുജറാത്ത് |
| • ശങ്കരദേവ | • |
| • നാമദേവ്, തുക്കാറാം | • |
| • ചൈതന്യൻ | • |
| • മീരാഭായി | • |
| • ഗുരുനാനാക്ക് | • |



## കബീർ

*ദൈവം പല നാമത്തിൽ അറിയപ്പെടുന്നു –*
*അള്ളാ, റാം, കരീം, കേശവ്, ഹരി, ഹസ്രത്ത്...*
*സ്വർണം മോതിരമായും വളയായും മാറ്റാം.*
*എന്നാൽ അതെല്ലാം സ്വർണം തന്നെയല്ലേ?*
*വ്യത്യസ്തത നാം ഉപയോഗിക്കുന്ന വാക്കിൽ മാത്രമാണ്.*


കബീർ

ഭക്തിപ്രസ്ഥാനത്തിലെ പ്രമുഖനായിരുന്ന കബീറിന്റെ 'ദോഹ'യിലെ (അർഥവത്തായ ഈരടികൾ) ഒരു ഭാഗമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഒരേ മണ്ണു കൊണ്ടുണ്ടാക്കിയ രണ്ടു പാത്രങ്ങളാണ് ഹിന്ദുവും മുസ്ലിമും എന്ന് ഓർമിപ്പിച്ച അദ്ദേഹം ഹിന്ദുമതവും ഇസ്ലാംമതവും തമ്മിൽ സാഹോദര്യ ബന്ധം വളർത്താൻ ശ്രമിച്ചു. എല്ലാ ജാതിക്കാരെയും മതസ്ഥരെയും ഒന്നിപ്പിക്കുന്ന സ്നേഹത്തിന്റെ മതം പ്രചരിപ്പിക്കലായിരുന്നു കബീറിന്റെ ലക്ഷ്യം. ജാതി, മതം, വർണം, കുടുംബം, സമ്പത്ത് തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തെ കബീർ ശക്തമായി എതിർത്തു. ജാതിവ്യവസ്ഥയെയും തൊട്ടുകൂടായ്മയെയും ശക്തമായി എതിർത്ത കബീർ മാനവിക ഐക്യത്തിന് ഊന്നൽ നൽകി. വിഗ്രഹാരാധന, തീർത്ഥാടനം, പുണ്യനദീസ്നാനം എന്നിവയെ അദ്ദേഹം നിരാകരിച്ചു. സന്ന്യാസം

സ്വീകരിക്കുന്നതിനായി ഗാർഹികജീവിതം ഉപേക്ഷിക്കുന്നതിനെയും അദ്ദേഹം അനുകൂലിച്ചില്ല. സൂഫി - ഭക്തി പാരമ്പര്യങ്ങളുമായുള്ള നിരന്തരമായ സംവാദത്തിന്റെയും ചർച്ചയുടെയും ഫലമായാണ് കബീറിന്റെ ആശയങ്ങൾ വികാസം പ്രാപിച്ചത്.



**വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ മതസൗഹാർദം വളർത്തുന്നതിൽ കബീറിന്റെ ആശയങ്ങൾ വഹിച്ച പങ്ക് പരിശോധിക്കുക.**

## ഗുരുനാനാക്ക്




*ഗുരുനാനാക്ക്*

ഏകദൈവവിശ്വാസത്തിന് ഊന്നൽ നൽകിയ മറ്റൊരു പ്രബോധകനാണ് ഗുരുനാനാക്ക്. ഹിന്ദു, ഇസ്ലാം മതങ്ങളിലെ തത്ത്വങ്ങളെ ഏകീകരിക്കാനാണ് നാനാക്ക് ശ്രമിച്ചത്. മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങളുടെ വക്താവായിരുന്ന അദ്ദേഹം ഹിന്ദു - ഇസ്ലാം മതങ്ങളിലെ ബാഹ്യാനുഷ്ഠാനങ്ങളെ എതിർത്തു. ദൈവത്തിലേക്ക് എത്താൻ സ്വഭാവത്തിലും പെരുമാറ്റത്തിലും ശുദ്ധിവേണമെന്ന് അദ്ദേഹം പറഞ്ഞു. വിഗ്രഹാരാധന, തീർത്ഥാടനം തുടങ്ങിയവയെ അദ്ദേഹം നിശിതമായി എതിർത്തു. ഗൃഹസ്ഥന്റെ ചുമതലകൾ ആത്മീയജീവിതത്തോടൊപ്പം കൊണ്ടുപോകുന്ന മധ്യമാർഗമാണ് അദ്ദേഹം പ്രോത്സാഹിപ്പിച്ചത്. 'ഷാബാദ്' എന്നറിയപ്പെടുന്ന പ്രാർഥനാഗീതങ്ങൾ നാനാക്കിന്റെ സംഭാവനയാണ്. മനുഷ്യരെല്ലാം തുല്യരാണ്, അവർക്കിടയിൽ ജാതിവ്യത്യാസം പാടില്ല എന്നദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. തന്റെ അനുയായികൾ ഒരു പൊതു അടുക്കള (ലംഗർ)യിൽനിന്ന് ഭക്ഷണം കഴിക്കാൻ തയാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ഏതു ജാതിയിൽപ്പെട്ടവർക്കും അവിടെനിന്ന് ഭക്ഷണം കഴിക്കാൻ കഴിയുമെന്നും നാനാക്ക് പറഞ്ഞു. നാനാക്കിന്റെ ആശയങ്ങൾ പിൽക്കാലത്ത് സിഖ് മതത്തിന്റെ ഉദ്ഭവത്തിന് വഴിതെളിച്ചു.



ഗുരുനാനാക്കിന്റെ ആശയങ്ങൾ അടിസ്ഥാനമാക്കി ഒരു കുറിപ്പ് തയാറാക്കുക.

## ഭക്തിയിലെ സ്ത്രീസാന്നിധ്യം



*മീരാഭായി*


നിരവധി സ്ത്രീകൾ ഭക്തിപ്രസ്ഥാനത്തിലേക്കാകർഷിക്കപ്പെട്ടു. അവരിൽ പ്രധാനിയായിരുന്നു രാജസ്ഥാനിലെ കവയിത്രിയായ മീരാഭായി. അവർ കൃഷ്ണഭക്തയായിരുന്നു. മീരാഭായി ധാരാളം ഭജനകൾ രചിച്ചു. കൃഷ്ണനെ സംബോധന ചെയ്തുകൊണ്ടുള്ള ഭക്തിഗാനങ്ങളാണ് അവയെല്ലാം. മീരാഭായിയുടെ ഗാനങ്ങൾ ഗുജറാത്തിലെയും രാജസ്ഥാനിലെയും ജനങ്ങൾ ഇപ്പോഴും ആലപിക്കുന്നുണ്ട്. മീരാഭായിക്ക് അനുയായികളുടെ ഒരു സംഘമോ വിഭാഗമോ ഉണ്ടായിരുന്നില്ല. എന്നിട്ടും നൂറ്റാണ്ടുകളോളം പ്രചോദനത്തിന്റെ ഒരു ഉറവിടമായി അവർ അംഗീകരിക്കപ്പെട്ടു. ഇവർക്ക് പുറമെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ ഭക്തിപ്രസ്ഥാനത്തിൽ സ്ത്രീസാന്നിധ്യം കാണാവുന്നതാണ്. കാശ്മീരിലെ ലാൽദേദ്, മഹാരാഷ്ട്രയിലെ ഭഹിനാഭായ്, കർണാടകത്തിലെ

അക്കാ മഹാദേവി, തമിഴ്നാട്ടിലെ ആണ്ടാൾ, കാരയ്ക്കൽ അമ്മെയാർ എന്നിവർ അവരിൽ പ്രമുഖരാണ്.

### ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

ഈശ്വരാർപ്പണം എന്ന ലക്ഷ്യം വച്ചാണ് ഭക്തി രൂപപ്പെട്ടത് എങ്കിലും ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ അത് ഗുണപരമായ ചില ഫലങ്ങൾ ഉളവാക്കി. ഈശ്വരനു മുന്നിൽ എല്ലാവരും തുല്യരാണെന്നായിരുന്നു ഭക്തിപ്രചാരകർ പാടിയും പറഞ്ഞും നടന്നിരുന്നത്. ജാതിവിവേചനത്തിനെതിരായ സാമൂഹിക സമത്വം എന്ന ചിന്ത ഇതുമൂലം ശക്തിപ്പെട്ടു. സ്ത്രീപുരുഷ സമത്വമെന്ന ആശയം രൂപപ്പെടാൻ തുടങ്ങി. ജാതിയിൽ പിന്നാക്കക്കാരായ തിരുപ്പന ആഴ്വാറും കബീറും ലാൽദേദും ഭക്തിപ്രസ്ഥാനത്തെ നയിച്ചപ്പോൾ സാമൂഹികസമത്വമെന്ന ആശയത്തിന് പ്രചാരം ലഭിച്ചു. പ്രാദേശികഭാഷകൾ വികസിച്ചു. അനാചാരങ്ങൾ ചോദ്യം ചെയ്യപ്പെട്ടു.

**ഭക്തിപ്രസ്ഥാനം ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?**



## പ്രാദേശികഭാഷകളുടെ വളർച്ച

ഇന്ത്യയൊട്ടാകെയുള്ള ഭക്തി-സൂഫി പ്രബോധകർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചത് അതത് പ്രദേശത്തുള്ള ഭാഷയിലായിരുന്നു. സാധാരണ ജനങ്ങൾക്ക് മനസ്സിലാകാൻ വേണ്ടിയാണ് അവരങ്ങനെ ചെയ്തത്. ഇത് പ്രാദേശികഭാഷകളുടെ വളർച്ചയ്ക്കു കാരണമായി. ഹിന്ദിയുടെ രണ്ടു രൂപങ്ങളായ ബ്രജും (വ്രജഭാഷ) അവധിയും സംസാരഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്നു. പഞ്ചാബി, കന്നഡ, തെലുങ്ക്, ഒറിയ, ആസാമീസ്, മറാത്തി, ബംഗാളി, സിന്ധി, മലയാളം എന്നീ ഭാഷകൾ രൂപംകൊണ്ടത് ഇക്കാലത്താണ്.



**ഉറുദു**

'ഉറുദു' എന്ന വാക്കിന്റെ വാച്യാർഥം 'ക്യാമ്പ്' എന്നാണ്. വിവിധ ഭാഷക്കാരായ പട്ടാളക്കാർ തമ്മിൽ സംസാരിക്കാൻ ഉപയോഗിച്ച ഭാഷയാണ് ഉറുദു. ഇതിന്റെ വ്യാകരണം ഹിന്ദിയുടേതാണ്. വാക്കുകൾ എടുത്തിരിക്കുന്നത് പേർഷ്യൻ, തുർക്കി, ഹിന്ദി എന്നീ ഭാഷകളിൽ നിന്നാണ്.

മധ്യകാലത്ത് രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും കോടതിഭാഷ പേർഷ്യനായിരുന്നു. അതിനാൽ പല പ്രാദേശികഭാഷകളിലും പേർഷ്യൻ വാക്കുകൾ പ്രവേശിച്ചു. പേർഷ്യനും ഹിന്ദിയും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി 'ഉറുദു' എന്ന പുതിയ ഭാഷ രൂപംകൊണ്ടു. മധ്യകാലഘട്ടത്തിലെ ഇന്ത്യയിലെ സാംസ്കാരികസമന്വയത്തിന്റെ മികച്ച ഉദാഹരണമാണ് ഉറുദുഭാഷ. ഡെക്കാൺ പ്രദേശത്ത് സംസാരിച്ചിരുന്ന ഉറുദുവിന്റെ മേൽ തെലുങ്കിന്റെയും മറാത്തിയുടെയും ശക്തമായ സ്വാധീനമുണ്ട്. ക്രമേണ ഉറുദു പട്ടണങ്ങളിലെ ഏറ്റവും പ്രചാരമുള്ള സംസാരഭാഷയായിത്തീർന്നു. പശ്ചിമതീരപ്രദേശങ്ങളിൽ കച്ചവടക്കാർ അറബി ഉപയോഗിച്ചിരുന്നു. അറബി പ്രാദേശികഭാഷകളെ സ്വാധീനിക്കുകയുണ്ടായി. കേരളത്തിൽ അറബിയുടെ സ്വാധീനം മൂലം അറബിമലയാളം എന്ന പുതിയ മിശ്രഭാഷാരൂപം നിലവിൽവന്നു.

KT 565-2/Soc. Sci.-I-9(M) Vol-2

മധ്യകാലഘട്ടത്തിൽ സംസ്കൃതവും ജനങ്ങൾ ഉപയോഗിച്ചിരുന്നു. വിജയനഗര ഭരണാധികാരികളുടെ സഭകളിൽ ആഘോഷാവസരങ്ങളിൽ സംസ്കൃതം ഉപയോഗിച്ചു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഷയായി സംസ്കൃതം നിലനിന്നു. സംസ്കൃതത്തിലുള്ള ബഹുജന സാഹിത്യങ്ങളായ പുരാണങ്ങൾ, രാമായണം, മഹാഭാരതം എന്നിവ പ്രാദേശികഭാഷകളിൽ ലഭ്യമായി.


ഈ കാലഘട്ടത്തിൽ ചില കവികളെയും എഴുത്തുകാരെയും പേർഷ്യൻ സാഹിത്യം സ്വാധീനിച്ചു. അക്കാലത്തെ ഏറ്റവും ശ്രദ്ധേയനായ പേർഷ്യൻ എഴുത്തുകാരൻ അമീർ ഖുസ്രുവാണ്. അദ്ദേഹത്തിന്റെ കൃതികളുടെ ഉള്ളടക്കം ഇന്ത്യയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ഇന്ത്യക്കാരനായതിലുള്ള അഭിമാനവും വ്യക്തമാക്കുന്നതാണ്.


സൂർദാസ്

അക്കാലത്ത് ധാരാളം ഇന്ത്യൻ കൃതികൾ പേർഷ്യൻ ഭാഷയിലേക്ക് തർജമ ചെയ്യപ്പെട്ടു. രാമായണം, മഹാഭാരതം, അഥർവവേദം, ഉപനിഷത്തുക്കൾ എന്നിവ കൂട്ടത്തിൽപ്പെടുന്നു. കൽഹണൻ രചിച്ച ചരിത്രഗ്രന്ഥമായ 'രാജതരംഗിണി' കാശ്മീരിലെ രാജാവായിരുന്ന സൈനുൽ ആബ്ദീന്റെ കാലത്ത് പേർഷ്യനിലേക്കു വിവർത്തനം ചെയ്യപ്പെട്ടു.


തുളസീദാസ്

മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ വളർന്നു വികാസം പ്രാപിച്ച ഭാഷയാണ് ഹിന്ദി. രാമാനന്ദനും കബീറും ഹിന്ദിയിൽ ധർമോപദേശം നടത്തി. കബീറിന്റെ 'ദോഹ'കൾ ഹിന്ദിസാഹിത്യത്തിലെ മികച്ച സൃഷ്ടികൾക്ക് ഉദാഹരണമാണ്. സൂർദാസിന്റെ 'സൂർസാഗർ', തുളസീദാസിന്റെ 'രാമചരിതമാനസ്', മീരാഭായിയുടെ ഭജനകൾ, മാലിക് മുഹമ്മദ് ജായസിയുടെ 'പത്മാവതി' എന്നിവ ഹിന്ദിഭാഷയെ സമ്പുഷ്ടമാക്കി.




മാലിക് മുഹമ്മദ് ജായസിയുടെ പത്മാവത്

താഴെ നൽകിയ പട്ടിക ശ്രദ്ധിക്കൂ. അതിൽനിന്ന് അക്കാലത്തെ പ്രാദേശികഭാഷകളുടെ വികാസം മനസ്സിലാക്കാൻ സാധിക്കും.

| ഭാഷ | കൃതികൾ/സാഹിത്യശാഖ | രചയിതാക്കളുടെ പേര് |
|---|---|---|
| • ബംഗാളി | • മഹാഭാരതം ബംഗാളിയിലേക്കു വിവർത്തനം ചെയ്തു. | • ശ്രീകരനന്ദി, കവീന്ദ്രൻ |
| | • ബംഗാളിരാമായണം | • കൃത്തിവാസ ഓജ |
| • മറാത്തി | • ഗീതങ്ങൾ | • വമനപണ്ഡിത് |
| • ഒറിയ | • കാവ്യങ്ങൾ | • സരളദാസ |

| | | |
|---|---|---|
| • തെലുങ്ക് | • മഹാഭാരതം തെലുങ്കിലേക്കു വിവർത്തനം ചെയ്തു. | • നന്നയ്യ, തിക്കന, യരപ്രഗദ |
| • തമിഴ് | • തിരുമുറൈ | • അപ്പർ, സംബന്ധർ |
| | • നാലായിരദിവ്യപ്രബന്ധം | • ആഴ്‌വാർമാർ |
| • കന്നഡ | • കവിരാജമാർഗം | • അമോഘവർഷൻ |
| • മലയാളം | • അധ്യാത്മരാമായണം കിളിപ്പാട്ട് | • എഴുത്തച്ഛൻ |

ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് സഹായകമായതെങ്ങനെ? ചർച്ചചെയ്യുക.



## സംഗീതം




മധ്യകാല ഇന്ത്യൻ സംഗീതജ്ഞനായ അമീർ ഖുസ്രുവിന്റെ വാക്കുകളാണ് മുകളിൽ നൽകിയിട്ടുള്ളത്.


സംഗീതം പുതിയ രൂപങ്ങൾകൊണ്ട് സമൃദ്ധമാക്കപ്പെട്ടത് മധ്യകാലഘട്ടത്തിലാണ്. ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന സംഗീതശൈലിയായ കർണാടകസംഗീതം കൂടുതൽ വികാസം നേടി. അക്കാലത്തെ പ്രസിദ്ധനായ കർണാടക സംഗീതജ്ഞനാണ് നായിക് ഗോപാൽ. മധ്യകാലഘട്ടത്തിൽ ഡക്കാണിൽനിന്നു ധാരാളം സംഗീതജ്ഞർ ഉത്തരേന്ത്യയിലേക്ക് കുടിയേറി. ഇതേസമയത്ത് ഉത്തരേന്ത്യയിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനഫലമായി പുതിയൊരു സംഗീതശൈലി രൂപംകൊണ്ടു. അത് ഹിന്ദുസ്ഥാനിസംഗീതം എന്നറിയപ്പെട്ടു. മധ്യകാലത്തെ പ്രസിദ്ധരായ ഹിന്ദുസ്ഥാനിസംഗീതജ്ഞരിൽ ഒരാളാണ് സൽത്തനത്ത് കാലഘട്ടത്തിൽ ജീവിച്ചിരുന്ന അമീർ ഖുസ്രു. കർണാടകസംഗീത വിദ്വാൻ നായിക് ഗോപാലിൽ നിന്നാണ്

### അമീർ ഖുസ്രു





മഹാനായ കവിയും സംഗീതജ്ഞനുമായിരുന്നു അമീർ ഖുസ്രു. അദ്ദേഹം സംഗീതോപകരണങ്ങൾ വായിക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്യുന്ന സൂഫീ ആചാരമായ 'സാമ'യ്ക്ക് സവിശേഷമായ രൂപം നൽകി. ഖവാലി തുടങ്ങുന്നതിനും അവസാനിക്കുന്നതിനും മുമ്പ് ഒരു പ്രാർഥനാഗീതം പാടി ദൈവത്തെ സ്തുതിക്കുക എന്നതായിരുന്നു അത്.


താൻസെൻ

അമീർ ഖുസ്രു ഇന്ത്യൻ സംഗീതത്തിന്റെ വശങ്ങൾ അഭ്യസിച്ചത്. മധ്യകാല രാജാക്കന്മാർ ഈ സംഗീതവിഭാഗത്തിന്റെ പ്രോത്സാഹകരായിരുന്നു. അക്കാലത്ത് സംഗീതത്തിൽ പുതിയ രൂപങ്ങൾ ഉണ്ടായി. പേർഷ്യയിൽനിന്നുള്ള സങ്കേതങ്ങൾ ഇന്ത്യൻ സംഗീതത്തിൽ പരീക്ഷിക്കപ്പെട്ടു. ഖയാൽ, തുമ്രി തുടങ്ങിയ ആലാപനരീതികൾക്ക് പ്രചാരം ലഭിച്ചു. ഇതിനുപുറമെ സിത്താർ, സാരംഗി, തബല തുടങ്ങിയ പുതിയ സംഗീതോപകരണങ്ങൾ പ്രചാരത്തിലായി. ചില സൂഫികൾക്ക് ആലാപനത്തിലുണ്ടായിരുന്ന താൽപ്പര്യവും ഇതിന് കാരണമായി. 'ഖയാൽ' എന്ന സംഗീതരീതിയും ഗസലുകളും ഇന്ത്യയിൽ വികാസം പ്രാപിക്കുന്നത് സൂഫികളിലൂടെയാണ്. അക്കാലത്ത് സംസ്കൃതത്തിലുള്ള സംഗീതകൃതികൾ പേർഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. ഫിറോസ് ഷാ തുഗ്ലക്കിന്റെ കാലത്ത് 'രാഗദർപ്പൺ' എന്ന സംഗീതകൃതി പേർഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്തു. അക്ബർ ചക്രവർത്തി തികഞ്ഞ ഒരു സംഗീതോപാസകനായിരുന്നു. അദ്ദേഹത്തിന്റെ സംരക്ഷണത്തിൽ 36 സംഗീതജ്ഞരുണ്ടായിരുന്നതായി അബുൽ ഫസൽ പറയുന്നുണ്ട്. അവരിൽ ഏറ്റവും പ്രസിദ്ധൻ താൻസെനാണ്. ഹിന്ദുസ്ഥാനിസംഗീതത്തെ സമ്പന്നമാക്കിയ താൻസെന്റെ സംഭാവനയാണ് ദർബാറി രാഗം.

പതിമൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജീവിച്ചിരുന്ന ശാർങ്ഗദേവന്റെ 'സംഗീതരത്നാകരം' എന്ന ഗ്രന്ഥം മധ്യകാല ഇന്ത്യൻ സംഗീതലോകത്തെ പ്രധാന സംഭാവനയാണ്. വിജയനഗര രാജാക്കന്മാരുടെ കാലഘട്ടത്തിൽ പേർഷ്യൻ - അറബി സംഗീതം ദക്ഷിണേന്ത്യയിലെ കർണാടകസംഗീതത്തെ സ്വാധീനിച്ചു.



**മധ്യകാല ഇന്ത്യയിലെ സംസ്കാരങ്ങളുടെ സമന്വയത്തിന് സംഗീതം സഹായകമായതെങ്ങനെ?**

## വാസ്തുവിദ്യയും ചിത്രകലയും


ബൃഹദേശ്വരക്ഷേത്രം - തഞ്ചാവൂർ (ദ്രാവിഡ ശില്പകല)

മധ്യകാല ഇന്ത്യയിൽ വാസ്തുവിദ്യയും ചിത്രകലയും പുരോഗതി നേടി. ആ കാലഘട്ടത്തിലെ പ്രധാനപ്പെട്ട നിർമിതികളെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും മുൻ ക്ലാസിൽ ചർച്ചചെയ്തിരുന്നല്ലോ. വാസ്തുവിദ്യയിലെ പുതിയ ശൈലികളായ ദ്രാവിഡ, നാഗര, ഇന്തോ-പേർഷ്യൻ എന്നിവ വികാസം പ്രാപിച്ചത് മധ്യകാലഘട്ടത്തിലാണ്. വിവിധ

ശില്പകലാശൈലികളുടെ സമന്വയം ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്.


കാന്ദര്യക്ഷേത്രം-ഖജുരാവോ (നാഗരശില്പകല)

തന്നിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കൂ. മധ്യകാലഘട്ടത്തിൽ വരച്ച ചിത്രങ്ങളാണിവ. അക്കാലത്തെ ചിത്രകലയുടെ പ്രത്യേകതകൾ നോക്കാം. മുഗൾകാലഘട്ടത്തിൽ നിലവിൽ വന്ന ചിത്രകലാരീതി സൂക്ഷ്മചിത്രകല എന്ന പേരിൽ അറിയപ്പെടുന്നു. പുസ്തകങ്ങളിലെ ചിത്രങ്ങളെപ്പോലെ ചെറിയ ചിത്രങ്ങൾ വരയ്ക്കുക എന്നതാണ് ഈ രീതി. ഇന്ത്യൻ ശൈലിയും പേർഷ്യൻ ശൈലിയും കലർത്തിയുണ്ടാക്കിയ ഒരു ശൈലിയാണിത്.


ചെങ്കോട്ട-ഡൽഹി (ഇന്തോ-പേർഷ്യൻ ശില്പകല)


മുഗൾ ചിത്രങ്ങൾ

മുഗൾ ഭരണാധികാരിയായ ഹുമയൂൺ പേർഷ്യൻ കലാകാരന്മാരുമായി ബന്ധം സ്ഥാപിക്കുകയും മീർ സയ്യിദ് അലി, അബ്ദുസ്സമദ് എന്നിവരെ കൊട്ടാരത്തിൽ വരുത്തുകയും ചെയ്തു. അവർ രണ്ടുപേരുമാണ് മുഗൾചിത്രകലാശൈലിയുടെ ഉപജ്ഞാതാക്കൾ.

അക്ബറിന്റെ ഭരണകാലത്ത് രാജകീയസ്ഥാപനങ്ങളിലൊന്നിൽ (കാർഖാന) ചിത്രരചനാമത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. പല വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഇതിൽ പങ്കെടുത്തിരുന്നു. മുഗൾ ചക്രവർത്തിയായ അക്ബറിന്റെ കാലത്ത് ചിത്രകാരനായ ദസ്വന്ത് 'രാസ്നാമ' എന്ന പേരിൽ മഹാഭാരതകഥ പൂർണമായി ചിത്രരൂപത്തിൽ തയാറാക്കി. ഭാരതീയ വിഷയങ്ങളും ഇന്ത്യയിലെ പ്രകൃതിദൃശ്യങ്ങളും ക്രമേണ ചിത്രങ്ങളിൽ ആവിഷ്കരിക്കപ്പെട്ടു.


രാസ്നാമയിലെ ചിത്രങ്ങൾ

പക്ഷിമൃഗാദികളുടെ ചിത്രീകരണത്തിലും ഇക്കാലത്തെ ചിത്രകാരന്മാർ മികവു കാണിച്ചിരുന്നു. ജഹാംഗീറിന്റെ ഭരണകാലത്ത് ചിത്രങ്ങളുടെ ഗുണമേന്മ വർധിച്ചു. അക്കാലത്തെ ഏറ്റവും മികച്ച ചിത്രകാരന്മാരായിരുന്നു


രാജസ്ഥാനി ചുവർചിത്രം


ചോളകാലഘട്ടത്തിലെ ചുവർചിത്രം

ബിഷൻദാസ്, അബുൽ ഹസൻ എന്നിവർ. കല്യാൺദാസ് ഷാജഹാന്റെ കാലത്തു ജീവിച്ചിരുന്ന ചിത്രകാരനാണ്.

മധ്യകാലഘട്ടത്തിൽ ചിത്രകാരന്മാരുടെ സംഘങ്ങൾ നിലനിന്നിരുന്നു. ഗുജറാത്ത്, കാശ്മീർ, ഡക്കാൺ തുടങ്ങി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നു വന്നവരായിരുന്നു അവർ. അതതിടങ്ങളിലെ പ്രാദേശിക ശൈലികൾ അവരുടെ ചിത്രരചനയെ സ്വാധീനിച്ചു. ഇന്ത്യയിലെയും പേർഷ്യയിലെയും പുരാണങ്ങളിൽ നിന്നും കഥകളിൽനിന്നുമുള്ള രംഗങ്ങൾ അവർ ചിത്രീകരിച്ചു. അക്കാലത്തെ ചുവർചിത്രങ്ങളും ശ്രദ്ധേയമാണ്. ചോളകാലഘട്ടത്തിലെ തഞ്ചാവൂർ ക്ഷേത്രങ്ങളിലെ ചുവർചിത്രങ്ങൾ മധ്യകാല ചിത്രകലയുടെ പ്രധാന സവിശേഷതയാണ്. ഈ കാലഘട്ടത്തിൽ രൂപംകൊണ്ട ഒരു ചിത്രകലാ രീതിയാണ് രാജസ്ഥാനി രീതി. പാരമ്പര്യശൈലിയും മുഗളശൈലികളും സമന്വയിപ്പിച്ചതാണ് രാജസ്ഥാൻ ചിത്രകലാരീതി.


മധ്യകാലഘട്ടത്തിലെ ചിത്രകലയുടെ സവിശേഷതകൾ വിശദമാക്കുക.

മധ്യകാല ഇന്ത്യ രൂപപ്പെടുത്തിയെടുത്ത സാംസ്കാരികസമന്വയം പിൽക്കാല ഇന്ത്യാചരിത്രത്തിൽ വലിയ മാറ്റങ്ങൾക്കു കാരണമായി. സമന്വയത്തിന്റെ ഏറ്റവും വലിയ മാതൃകകളായിരുന്നു ദീൻ-ഇ-ഇലാഹിയും സിഖ് മതവും. ദിൻ-ഇ-ഇലാഹി രാജാവിനാൽ സ്വാധീനിക്കപ്പെട്ടതായിരുന്നെങ്കിൽ സിഖ് മതം ജനങ്ങളിൽ നിന്ന് രൂപപ്പെട്ടതാണ്. ശില്പകല, ചിത്രകല, സാഹിത്യം, സംഗീതം എന്നീ മേഖലകളിൽ ആവിഷ്കരിക്കപ്പെട്ട പുതിയ ശൈലികൾ ഇന്ത്യയുടെ സങ്കരസംസ്കാരത്തെ സമ്പന്നമാക്കി. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവരും വ്യത്യസ്ത മതവിശ്വാസികളും പ്രസ്ഥാനങ്ങളും ഈ സാംസ്കാരികസമന്വയത്തിന് അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്.


'മധ്യകാല ഇന്ത്യയിലെ സാംസ്കാരികജീവിതം' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക. പരിഗണിക്കേണ്ട മേഖലകൾ:-

- പ്രാദേശികഭാഷകൾ
- സംഗീതം
- ചിത്രകലയും ശില്പകലയും

## സമന്വയത്തിന്റെ ഇന്ത്യ

- **സൂഫിപ്രസ്ഥാനം** → ഖ്വാജാ മൊയ്നുദ്ദീൻ ചിശ്തി, ശെയ്ഖ് നിസാമുദ്ദീൻ ഔലിയ
- **ഭക്തിപ്രസ്ഥാനം** → ആഴ്‌വാർമാർ നായനാർമാർ → കബീർ സൂർദാസ് തുളസീദാസ് ഗുരുനാനാക്ക് മീരാഭായി
- **വീരശൈവപ്രസ്ഥാനം** → ബസവണ്ണ
- **സാംസ്കാരിക സമന്വയം** → പ്രാദേശിക ഭാഷകളുടെ വളർച്ച → സംഗീതം → ശില്പവിദ്യ, ചിത്രകല



### പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സൂഫിപ്രസ്ഥാനത്തിന്റെ പ്രാധാന്യം വിശദമാക്കുന്നു.
- ആദ്യകാല ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- ഉത്തരേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിനു നേതൃത്വം നൽകിയവരെ പട്ടികപ്പെടുത്തുന്നു.
- ഭക്തി പ്രചരിച്ച ഇന്ത്യൻ സംസ്ഥാനങ്ങൾ ഇന്ത്യൻ ഭൂപടത്തിൽ അടയാളപ്പെടുത്തുന്നു.
- ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ ഇന്ത്യൻ സാമൂഹികവ്യവസ്ഥയിൽ സൃഷ്ടിച്ച സ്വാധീനം തിരിച്ചറിയുന്നു.
- മധ്യകാലഘട്ടത്തിലെ പ്രാദേശിഭാഷകളുടെ വളർച്ച വിശദമാക്കുന്നു.
- മധ്യകാലഘട്ടത്തിലെ സംഗീതത്തിന്റെയും ചിത്രകലയുടെയും സവിശേഷതകൾ വിശകലനം ചെയ്യുന്നു.



### വിലയിരുത്താം

- മധ്യകാലഘട്ടത്തിലെ സൂഫിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
- നായനാർമാരും ആഴ്‌വാർമാരും ഭക്തിപ്രസ്ഥാനത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുക.

- 'വീരശൈവപ്രസ്ഥാനം പുരോഗമനപരമായ നൂതനാശയങ്ങൾക്ക് രൂപം നൽകി.' പ്രസ്താവന സമർഥിക്കുക.
- കബീറും ഗുരുനാനാക്കും ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ പ്രതീകങ്ങളാണ്. ഈ പ്രസ്താവന വിലയിരുത്തുക.
- മധ്യകാലഘട്ടത്തിൽ പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് വഴിയൊരുക്കിയ സാഹചര്യം വിശദമാക്കുക.
- 'സംഗീതരത്നാകരം' എന്ന കൃതി രചിച്ചതാര്?

  എ. ശാർങ്ഗദേവൻ   ബി. താൻസെൻ

  സി. അമീർ ഖുസ്രു   ഡി. രാജാമാൻസിങ്
- 'ഇന്ത്യൻ സംഗീതത്തിൽ ശ്രദ്ധേയമായ മാറ്റങ്ങളുടെ കാലമായിരുന്നു മധ്യകാലം' - ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
- മധ്യകാലഘട്ടത്തിൽ ചിത്രകല പുരോഗതി പ്രാപിച്ചു എന്നു നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?
- ചേരുംപടി ചേർക്കുക.

| എ | ബി |
|---|---|
| • ചൈതന്യ | • കാശ്മീർ |
| • തുക്കാറാം | • ആസാം |
| • മീരാഭായ് | • ബംഗാൾ |
| • ശങ്കരദേവ | • കർണാടക |
| • ബസവണ്ണ | • രാജസ്ഥാൻ |
| • ലാൽദേദ് | • മഹാരാഷ്ട്ര |



## തുടർപ്രവർത്തനങ്ങൾ

- കബീറിന്റെയും ഗുരുനാനാക്കിന്റെയും ഗീതങ്ങൾ ശേഖരിച്ച് അവയിലെ സാമൂഹികപ്രസക്തി ക്ലാസിൽ ചർച്ചചെയ്യുക.
- 'മധ്യകാലഘട്ടത്തിലെ പ്രാദേശികഭാഷകളുടെ വളർച്ച' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.
- ഉറുദു ഭാഷയിൽ നിന്ന് മലയാളത്തിന് ലഭിച്ച പദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.
- മധ്യകാല ഇന്ത്യയിൽ രൂപം കൊണ്ട വിവിധ പ്രസ്ഥാനങ്ങൾ, സ്ഥാപകർ, സംഭാവനകൾ എന്നിവ ഉൾപ്പെടുത്തി പട്ടിക തയാറാക്കുക.




അധ്യായം

07

# കേരളം എട്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ

മധ്യകാലലോകത്തിന്റെയും ഇന്ത്യയുടെയും ചരിത്രമാണ് നാം ഇതുവരെ ചർച്ച ചെയ്തത്. സി.ഇ. എട്ടാം നൂറ്റാണ്ടു വരെ തമിഴകത്തോടു ചേർന്നുനിന്ന കേരളത്തിന്റെ പ്രാചീനചരിത്രം മുൻ ക്ലാസിൽനിന്നു മനസ്സിലാക്കിയിട്ടുണ്ടല്ലോ. സി.ഇ. എട്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെയുള്ള കാലമാണ് കേരളത്തിന്റെ മധ്യകാലം. രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും നിരവധി മാറ്റങ്ങൾ ഇക്കാലത്തുണ്ടായി.



*(സി.ഇ. 849-ലെ തരിസാപ്പള്ളി ലിഖിതം)*

*" സ്വസ്തി രാജാവ് സ്ഥാണുരവി പല നൂറായിരം വർഷം ശത്രുക്കളെ എതിർത്തു കീഴ്പ്പെടുത്തി ഭരിക്കാനുള്ള വർഷങ്ങളിൽ പോയവർഷം അഞ്ച്. ഈയാണ്ടിൽ വേണാട് വാഴുന്ന അയ്യനടികൾ തിരുവടിയും...."*

സി.ഇ. 849 ലെ തരിസാപ്പള്ളി ലിഖിതത്തിന്റെയും അതിന്റെ പരിഭാഷയുടെയും ഒരു ഭാഗമാണ് നൽകിയിരിക്കുന്നത്.

മധ്യകാല കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന വട്ടെഴുത്തുലിപിയിലുള്ളതാണ് ഈ ലിഖിതം. പെരുമാൾ രാജാവായ സ്ഥാണുരവിയുടെ അഞ്ചാമത്തെ ഭരണവർഷത്തിൽ വേണാട് നാടുവാഴിയായ അയ്യനടികൾ തിരുവടികൾ കൊല്ലം നഗരത്തിലെ തരിസാപ്പള്ളിക്ക് ഭൂമി ദാനം കൊടുക്കുന്നതിന്റെ വിവരങ്ങളാണ് ഈ രേഖയിലുള്ളത്.

### വട്ടെഴുത്തുലിഖിതങ്ങൾ



ഏതാണ്ട് ഒമ്പതുമുതൽ പതിനാലാം നൂറ്റാണ്ടു വരെ കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രധാന ലിപിയാണ് വട്ടെഴുത്ത്. ശിലകളിലോ ചെമ്പുതകിടുകളിലോ ആയിരുന്നു ഇത് എഴുതിയിരുന്നത്. വട്ടെഴുത്ത് തമിഴ്നാട്ടിലും പ്രചരിച്ചിരുന്നു.

കേരളത്തിലെ നാടുകളെക്കുറിച്ച് വിവരങ്ങൾ ലഭിക്കുന്നത് പ്രധാനമായും വട്ടെഴുത്തുലിഖിതങ്ങളിൽനിന്നാണ്. നാം മുമ്പ് പഠിച്ച തമിഴക കാലംതൊട്ട് നാടുകൾ വളർന്നുവന്നിരുന്നു. ജനങ്ങൾ കൃഷിചെയ്ത് താമസിച്ചിരുന്ന പ്രദേശങ്ങളാണ് നാടുകൾ. നാട് എന്നത് നിരവധി കുടികളും ഊരുകളും ചേർന്നതായിരുന്നു. ചുവടെ കൊടുത്ത പട്ടിക ശ്രദ്ധിക്കൂ.

| | |
|---|---|
| **കുടി** | കൃഷിചെയ്യുന്ന തൊഴിൽക്കൂട്ടങ്ങളുടെ കുടുംബങ്ങളായിരുന്നു കുടികൾ. കുടികളുടെ അധിപനാണ് കുടിപതി. |
| **ഊര്** | നിരവധി കുടികൾ ചേർന്ന് ഊരുകൾ രൂപംകൊണ്ടു. ഊരിന്റെ അധിപന്മാർ ഊരാളരായിരുന്നു. |
| **നാട്** | നിരവധി ഊരുകൾ ചേർന്നതാണ് നാടുകൾ. നാടുകൾക്കുമേൽ അധികാരമുണ്ടായിരുന്നവർ നാടുവാഴികൾ എന്നറിയപ്പെട്ടു. |

### മഹോദയപുരത്തെ പെരുമാക്കന്മാർ (സി.ഇ. 800 – 1122)


- രാജശേഖരൻ
- സ്ഥാണുരവി
- കോതരവി
- കോത കോത കേരളകേസരി
- ഇന്ദുക്കോത
- ഭാസ്കരരവി
- രവികോത
- ആദിത്യൻ കോത
- രാമകുലശേഖരൻ

നാടുകളെല്ലാം മഹോദയപുരം (ഇന്നത്തെ കൊടുങ്ങല്ലൂർ) ആസ്ഥാനമാക്കി കേരളം ഭരിച്ചിരുന്ന പെരുമാക്കന്മാരുടെ കീഴിലായിരുന്നു. വടക്ക് കോലത്തുനാട് മുതൽ തെക്ക് വേണാട് വരെയുള്ള പതിനാല് നാടുകളും പെരുമാക്കന്മാരുടെ ഭരണം അംഗീകരിച്ചിരുന്നു. കേരളത്തിൽ ആദ്യമായി ഒരു കേന്ദ്രീകൃത ഭരണം സ്ഥാപിതമായത് ഇക്കാലത്താണ്. രാജശേഖരൻ മുതൽ രാമകുലശേഖരൻ വരെയുള്ള രാജാക്കന്മാരാണ് സി.ഇ. 800 മുതൽ1122 വരെയുള്ള കാലത്ത് മഹോദയപുരം കേന്ദ്രമാക്കി ഭരിച്ചിരുന്നത്. പെരുമാക്കന്മാരുടെ ഭരണത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

- പെരുമാക്കന്മാർക്ക് കോയിലധികാരികൾ എന്ന പ്രതിനിധികൾ ഉണ്ടായിരുന്നു.

- നാലുതളി എന്ന ബ്രാഹ്മണസമിതി പെരുമാളിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നു.
- ആയിരം എന്ന ഒരു സൈനികക്കൂട്ടം പെരുമാളിനുണ്ടായിരുന്നു.
- നാടുകൾ, നഗരങ്ങൾ, ബ്രാഹ്മണഗ്രാമങ്ങൾ, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽനിന്ന് പെരുമാൾ നികുതി ഈടാക്കിയിരുന്നു.

ഭൂപടം പരിശോധിച്ച് മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന നാടുകൾ പട്ടികപ്പെടുത്തുക.




പെരുമാൾകാലത്തെ ഭരണത്തിന് കേന്ദ്രീകൃതഭരണസ്വഭാവം ഉണ്ടായിരുന്നോ എന്നു ചർച്ചചെയ്യുക.

## സ്വരൂപങ്ങൾ

സി.ഇ. പന്ത്രണ്ടാം നൂറ്റാണ്ടോടെ പെരുമാക്കന്മാരുടെ കേന്ദ്രീകൃതഭരണം അവസാനിച്ചു. നാടുകൾ സ്വതന്ത്ര ഭരണപ്രദേശങ്ങളായി. നാടുകളിൽ വളർന്നുവന്ന അധികാരസ്ഥാനങ്ങൾ നാടുവാഴിസ്വരൂപങ്ങൾ എന്നറിയപ്പെട്ടു. പ്രധാന നാടുവാഴിസ്വരൂപങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

- കോലസ്വരൂപം (കോലത്തുനാട്)
- നെടിയിരുപ്പ് സ്വരൂപം (ഏറനാട്)
- പെരുമ്പടപ്പ് സ്വരൂപം (കൊച്ചി)
- തൃപ്പാപ്പൂർ സ്വരൂപം (വേണാട്)

മരുമക്കത്തായം പിന്തുടർന്ന സ്വയംഭരണാവകാശമുള്ള തറവാടുകളായിരുന്നു സ്വരൂപങ്ങൾ. സ്വരൂപങ്ങൾക്ക് സൈനികക്കൂട്ടങ്ങളുമുണ്ടായിരുന്നു. വേണാട്ടിലെ അരിശിപ്പടിജനം, കോലത്തുനാട്ടിലെ പടമലനായന്മാർ, നെടിയിരുപ്പിലെ ലോകര് തുടങ്ങിയവ ഇത്തരം സൈനികക്കൂട്ടങ്ങളായിരുന്നു.

നാടുവാഴിസ്വരൂപങ്ങൾ ഓരോന്നും അധികാരം വർധിപ്പിക്കുന്നതിനായി പരസ്പരം കലഹിക്കുകയും പൊതുശത്രുവിനെതിരെ സഹകരിക്കുകയും ചെയ്തു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളതീരത്ത് കച്ചവടത്തിനായി എത്തിയ പോർട്ടുഗീസുകാരും ഡച്ചുകാരും ഇത്തരം മത്സരങ്ങളിൽ തങ്ങളുടെ കച്ചവട താൽപ്പര്യങ്ങൾക്കനുസരിച്ച് ഇടപെട്ടിരുന്നു.

പതിനെട്ടാം നൂറ്റാണ്ടുവരെ നാടുവാഴിസ്വരൂപങ്ങൾ വലിയ മാറ്റങ്ങൾ ഇല്ലാതെ നിലനിന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ മൈസൂർ സുൽത്താന്മാരായ ഹൈദരലിയും ടിപ്പുവും കേരളത്തിലേക്ക് നയിച്ച പടയോട്ടങ്ങൾ വടക്കൻ കേരളത്തിലെ നാടുവാഴികളിൽ പരിഭ്രാന്തി പടർത്തി. നെടിയിരുപ്പും കോലസ്വരൂപവും മറ്റു ചെറുസ്വരൂപങ്ങളും ദേശങ്ങളുമെല്ലാം മൈസൂർ സുൽത്താന്മാരുടെ അധീനതയിലായി. മൈസൂർ സുൽത്താന്മാരുടെ ആക്രമണം ഭയന്ന് മിക്ക നാടുവാഴികളും ദേശവാഴികളും വേണാട്ടിലേക്ക് പലായനം ചെയ്തു. കൊച്ചിയിലെ പെരുമ്പടപ്പ് സ്വരൂപം മൈസൂർ സുൽത്താന്മാരുടെ പരമാധികാരം അംഗീകരിച്ചു. തിരുവിതാംകൂർ ചെറുത്തുനിന്നു.



### മാർത്താണ്ഡവർമ

വേണാടിനെ ആധുനികതയിലേക്ക് നയിച്ച ഭരണാധികാരിയായിരുന്നു മാർത്താണ്ഡവർമ. വേണാടിനെ തിരുവിതാംകൂർ എന്ന ആധുനിക രാജ്യമാക്കി മാറ്റിയത് മാർത്താണ്ഡവർമയാണ്. ഭരണരംഗം നവീകരിച്ചും സൈന്യത്തെ ശക്തമാക്കിയും പതിനെട്ടാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമയുടെ ഭരണത്തിൻ കീഴിൽ ശക്തമായ നാട്ടുരാജ്യമായി തിരുവിതാംകൂർ വളർന്നു.



### മൈസൂർ സുൽത്താന്മാർ

കേരളത്തിലേക്കു പടനയിച്ച മൈസൂർ ഭരണാധികാരികളായിരുന്നു ഹൈദരലിയും പുത്രൻ ടിപ്പുസുൽത്താനും. 1766 മുതൽ 1792 വരെ മൈസൂർ സുൽത്താന്മാരുടെ ഭരണം മലബാറിൽ നിലനിന്നു.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു മേഖലകളായി കേരളം ഇക്കാലത്ത് മാറി. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ടിപ്പുവിനെ പരാജയപ്പെടുത്തി. അതോടെ ടിപ്പുവിന്റെ നിയന്ത്രണത്തിലായിരുന്ന മലബാർ പൂർണമായും ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിലായി. സ്വതന്ത്ര ഭരണാധികാരികൾ എന്ന നിലയിലുള്ള നാടുവാഴിസ്വരൂപങ്ങളുടെ അധികാരം മലബാറിൽ ഇതോടെ അവസാനിച്ചു. തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങളായി തുടർന്നു.

എട്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം വിശകലനം ചെയ്യുക.



## ഭൂവുടമാവകാശങ്ങൾ

പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കേരളത്തിന്റെ രാഷ്ട്രീയചരിത്രമാണ് നാം ഇതുവരെ ചർച്ചചെയ്തത്. ഇനി അക്കാലത്ത് ഭൂമിയുടെമേൽ വളർന്നുവന്ന ഉടമാവകാശങ്ങളെ കുറിച്ച് പരിശോധിക്കാം.

മധ്യകാലത്ത് ഉടമാവകാശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയെ പലതായി തിരിച്ചിരുന്നു.

| | |
|---|---|
| ചേരിക്കൽ | നാടുവാഴികളുടെ നിയന്ത്രണത്തിലുള്ള ഭൂമി. |
| ബ്രഹ്മസ്വം | ബ്രാഹ്മണരുടെ നിയന്ത്രണത്തിലുള്ള ഭൂമി. |
| ദേവസ്വം | ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമി. |

**തിരുനെല്ലി ലിഖിതം**



"...തിരുനെല്ലി ദേവർക്ക് നിത്യം പന്തീരടിക്ക് അരി മുന്നാഴിയാൽ ആറുനാഴിയും ഒരു നന്താവിളക്കും ഏർപ്പെടുത്തി കീഴ്ക്കാട്ടീയ്പ്പോഴച്ചേരിക്കൽ ഭൂമി അട്ടിക്കോടുത്ത് മൂത്തകൂറു വാഴുന്ന കുഞ്ഞിക്കുട്ടവർമ്മൻ എന്ന അടികൾ വീരക്കുറുമ്പുറയാർ തിരുവടി അരുളിചെയ്തു..." (ഭൂമിയുടെ ഉടമസ്ഥാവകാശം പരാമർശിക്കുന്ന തിരുനെല്ലി ലിഖിതത്തിന്റെ പരിഭാഷ).

ദേവസ്വം ഭൂമിയുടെ അവകാശികൾ ഊരാളർ എന്നറിയപ്പെട്ടു. രാജാക്കന്മാരോ ബ്രാഹ്മണരോ ക്ഷേത്രത്തിലെ ആളുകളോ നേരിട്ട് ഈ ഭൂമിയിൽ കൃഷിചെയ്തിരുന്നില്ല. ഇവർ ഭൂമി ഇടനിലക്കാർക്ക് കൃഷിചെയ്യുന്നതിനായി നൽകി. അവർ കാരാളർ എന്ന് അറിയപ്പെട്ടു. അങ്ങനെ നാടുവാഴികൾ, ഊരാളർ, അവർക്കു താഴെയായി കാരാളർ എന്നിങ്ങനെ ഒരു അധികാരശ്രേണി രൂപംകൊണ്ടു.

പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെയുള്ള കാലത്ത് ഭൂമിയുടെ ഉടമാവകാശങ്ങളിൽ പിന്നെയും മാറ്റങ്ങൾ വന്നു.

- ഭൂമിയുടെ മേലുള്ള അവകാശം തലമുറകളിലൂടെ കൈമാറിവരുന്ന ജന്മാവകാശമായി. ഇത്തരം ഭൂമി ജന്മം ഭൂമിയെന്നും അതിൽ ഉടമസ്ഥാവകാശമുള്ളവർ ജന്മി എന്നും അറിയപ്പെട്ടു.

- വെറുംപാട്ടം എന്ന സമ്പ്രദായം ഇക്കാലത്ത് പരക്കെ പ്രചാരം നേടി. ഉൽപ്പാദനത്തിന്റെ ഒരു നിശ്ചിത പങ്ക് ജന്മിക്ക് പാട്ടമായി നൽകാമെന്ന വ്യവസ്ഥയിൽ ജന്മിമാർ കുടിയാന്മാർക്കു നൽകിയ ഭൂമിയാണു വെറുംപാട്ടംഭൂമി.

**"കാണം വിറ്റും ഓണം ഉണ്ണണം"**

**"കാണം വിറ്റാലും മാനം വിൽക്കരുത്"**

**"കാണം വിറ്റാലും വരമ്പ് വിൽക്കരുത്"**

ഈ പഴഞ്ചൊല്ലുകൾ നിങ്ങൾ കേട്ടിട്ടില്ലേ. ഓണം, മാനം (അഭിമാനം), വരമ്പ് (വഴി) തുടങ്ങിയവ എന്താണെന്ന് എല്ലാവർക്കും അറിയാമല്ലോ. എന്താണ് കാണം? അത് വിൽക്കാൻ കഴിയുന്നതായിരുന്നോ?

കാണം, ഒറ്റി തുടങ്ങിയ പേരുകളിൽ അറിയപ്പെട്ട പണയപ്പാട്ടംവ്യവസ്ഥ പെരുമാൾ കാലത്തിനുശേഷം വലിയ പ്രചാരം നേടി. ഇതുപ്രകാരം ഭൂമി പാട്ടത്തിനെടുക്കുന്ന ആൾ (കാണക്കുടിയാൻ) ഒരു സംഖ്യ ഭൂവുടമയ്ക്ക് ഈടായി കൊടുത്ത് ഭൂമി പണയത്തിനെടുത്ത് കൃഷിചെയ്യുന്നു. ഈ ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ കാണക്കുടിയാന് അവകാശമില്ല. കൃഷിചെയ്യാനുള്ള അവകാശം മാത്രമേ ഉള്ളൂ.

ആ കാലഘട്ടത്തിൽ നിലനിന്ന ഒരുതരം നികുതിയിളവായിരുന്നു കുഴിക്കാണം. ഇതുപ്രകാരം കായ്ച്ചു തുടങ്ങാത്ത ഫലവൃക്ഷത്തൈകളെ പാട്ടം കണക്കാക്കുന്നതിൽനിന്ന് ജന്മിമാർ ഒഴിവാക്കിയിരുന്നു.



പതിനെട്ടാം നൂറ്റാണ്ടുവരെ കേരളത്തിൽ രൂപംകൊണ്ട ഭൂവുടമസമ്പ്രദായങ്ങൾ പട്ടികപ്പെടുത്തുക

- ചേരിക്കൽ
- 
- 
- 
- 
- 

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് ഭൂമി അളന്നു തിട്ടപ്പെടുത്തിയത്. മലബാർ ഇക്കാലത്ത് മൈസൂർ സുൽത്താന്മാരുടെ കീഴിലായിരുന്നല്ലോ. കൃഷിഭൂമിയിലെ മൊത്തം ഉൽപ്പാദനം കണക്കാക്കി അതിന്റെ നിശ്ചിതഭാഗം നികുതിയായി പിരിച്ചെടുക്കുന്ന സമ്പ്രദായമാണ് മൈസൂർ സുൽത്താന്മാർ സ്വീകരിച്ചത്. പിന്നീട് ബ്രിട്ടീഷുകാർ ഭൂസർവേ നടത്തി ഓരോ ഭൂമിയും ഏക്കർ, സെന്റ് എന്നിവ തിരിച്ച് സർവേ നമ്പർ കൊടുത്ത് രേഖപ്പെടുത്തി. കൊച്ചിയിലും തിരുവിതാംകൂറിലും സമാനമായ ഭൂസർവേകൾ നടന്നു. കൊച്ചിയിലേത് കേട്ടെഴുത്ത് എന്നും തിരുവിതാംകൂറിലേത് കണ്ടെഴുത്ത് എന്നും അറിയപ്പെട്ടു. ഇപ്രകാരം തിട്ടപ്പെടുത്തിയ ഭൂമിയിൻമേൽ നിശ്ചിത നികുതി ഏർപ്പെടുത്തി.



ഒരു ആധാരം പരിശോധിച്ച് അതിൽ ചേരിക്കൽ, പണ്ടാരവക, ജന്മം, ബ്രഹ്മസ്വം, കാണം, ഒറ്റി, കുഴിക്കാണം തുടങ്ങി ഏതെങ്കിലും ഭൂമിയെക്കുറിച്ച് സൂചനയുണ്ടോ എന്നു കണ്ടെത്തു.

## കൃഷിയും തൊഴിൽക്കൂട്ടങ്ങളും

മധ്യകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന നെൽവിത്തുകളെക്കുറിച്ച് ഒരു മുത്തശ്ശി നൽകിയ വിവരങ്ങൾ ശ്രദ്ധിക്കൂ.

"തവളക്കണ്ണൻ, ആര്യങ്കാളി, ഒറ്റലമൂടൻ, കോഴിവാലൻ എന്നീ വിത്തുകൾ വിതച്ചുള്ള രണ്ട് വിളകൾ (കന്നി/മകരം) വയലിലും മൂന്നു മാസത്തെ മൂപ്പുള്ള ഏച്ചിലാടൻ, കറുത്തേടക്കൻ, ചോമാല, പെര്യവിത്ത് (പെരിയവിത്ത്), നകര തുടങ്ങിയ വിത്തുകൾ വിതച്ചുള്ള ഒറ്റവിള പറമ്പിലും കെയ്യാള, വെളുത്തകൊയ്യാള, കറുത്ത കൊയ്യാള, കര്യാള, വില്ലൻ, എറയൻ, കവുങ്ങുംപുത്താള തുടങ്ങിയ വിത്തുകൾ വിതച്ചുള്ള ഒറ്റവിള മലയിലും കൃഷിചെയ്തിരുന്നു."

ഇതുപോലെ നിങ്ങളുടെ നാട്ടിൽ കൃഷിചെയ്തിരുന്ന വിത്തിനങ്ങളേതൊക്കെയെന്ന് അന്വേഷിക്കൂ.

വയൽ, പറമ്പ്, പുരയിടങ്ങൾ, മലമ്പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അക്കാലത്ത് കൃഷിചെയ്തിരുന്നു. നെല്ലായിരുന്നു വയലിൽ ഉൽപ്പാദിപ്പിച്ച പ്രധാന വിള. പറമ്പുകളിൽ നെല്ല്, ചാമ, മുതിര, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവ വിളയിച്ചിരുന്നു. തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പയർവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവ പറമ്പുകളിൽ ഉൽപ്പാദിപ്പിച്ചു. മലമ്പ്രദേശത്ത് മലനെല്ലും ഉൽപ്പാദിപ്പിച്ചിരുന്നു. മലമ്പ്രദേശത്തെ കാട്ടുവിഭവങ്ങളും അക്കാലത്ത് ശേഖരിച്ചിരുന്നു. ഇടവപ്പാതിയെയും (തെക്കു-പടിഞ്ഞാറൻ മൺസൂൺ) തുലാവർഷത്തെയും (വടക്കു-കിഴക്കൻ മൺസൂൺ) ആശ്രയിച്ചുള്ള കൃഷിയാണ് അന്നുണ്ടായിരുന്നത്. ചാണകവും പച്ചിലകളുമടങ്ങിയ ജൈവവളമാണ് അക്കാലത്ത് കൃഷിക്കുപയോഗിച്ചിരുന്നത്.

വിവിധ തൊഴിലുകളിൽ ഏർപ്പെട്ട ജനസമൂഹം കേരളത്തിൽ രൂപംകൊണ്ടതും അവർ ഓരോ ജാതികളായി പരിണമിച്ചതും മധ്യകാലത്താണ്.

ഏതൊക്കെ തൊഴിൽക്കൂട്ടങ്ങളാണ് മധ്യകാലത്തുണ്ടായിരുന്നതെന്ന് നോക്കാം.

- കൃഷിയും കാർഷികോപകരണങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ടവർ.
- കരകൗശല- ലോഹനിർമാണവുമായി ബന്ധപ്പെട്ടവർ.
- കച്ചവടവുമായി ബന്ധപ്പെട്ടവർ.
- തുണിനെയ്ത്ത്, എണ്ണയാട്ടൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടവർ.
- ക്ഷേത്രാചാരവുമായി ബന്ധപ്പെട്ടവർ.
- നാടുവാഴിസ്വരൂപങ്ങളുമായി ബന്ധപ്പെട്ട നിരവധി ഉദ്യോഗസ്ഥർ.

ഒരു പ്രത്യേക തൊഴിൽ ചെയ്തവരുടെ പിന്മുറക്കാരും അതേ തൊഴിൽ പിന്തുടർന്നു. ഒരേ ജോലികൾ ചെയ്തുപോന്നവരുടെ കൂട്ടങ്ങൾ ക്രമേണ ഒരേ ജാതിയായി പരിണമിച്ചു. വയലിൽ കൃഷിചെയ്തിരുന്ന അടിയാളർ മധ്യകാലത്തെ ജാതിശ്രേണിയിൽ ഏറ്റവും താഴേത്തട്ടിലും ബ്രാഹ്മണർ



**ശുദ്ധം അശുദ്ധം**

മധ്യകാല ജാതിവ്യവസ്ഥ അനുസരിച്ച് മേൽജാതികൾ ശുദ്ധവും കീഴ് ജാതികൾ അശുദ്ധവുമായി കണക്കാക്കിയിരുന്നു. കീഴ്ജാതിക്കാർ മേൽജാതിക്കാരെ തൊട്ടാലും അടുത്തുവന്നാലും കണ്ടാലും മേൽജാതിക്കാരുടെ ശുദ്ധി നഷ്ടപ്പെടും എന്നാണ് കരുതിയിരുന്നത്.

ഏറ്റവും മുകളിലുമായിരുന്നു. കുലത്തൊഴിലനുസരിച്ച് മറ്റു ജാതികളുടെ സ്ഥാനം ഈ രണ്ടു തട്ടുകൾക്കിടയിലായിരുന്നു. ജാതിയുടെ അടിസ്ഥാനത്തിൽ ശുദ്ധ-അശുദ്ധ സങ്കൽപ്പങ്ങളും വളർന്നുവന്നു. മണ്ണിന്റെ ഉടമകളായിരുന്നവർ മേൽജാതിക്കാരായി സ്വയം കണക്കാക്കുകയും മണ്ണിൽ പണിയെടുക്കുന്നവരെയും കുലത്തൊഴിൽ ചെയ്തിരുന്നവരെയും കീഴ്ജാതിക്കാരായി മാത്രം പരിഗണിക്കുകയും ചെയ്തു.

മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെ ജനസമൂഹത്തെ ജാതിതിരിച്ച് രേഖപ്പെടുത്തി. ഇതോടെ കുലത്തൊഴിൽ ചെയ്താലും ചെയ്തില്ലെങ്കിലും ജാതിയെന്നത് ജന്മനാൽ രേഖപ്പെടുത്തപ്പെടുന്ന ഒന്നായി മാറി.



കേരളത്തിൽ ജാതികൾ രൂപംകൊണ്ടതെങ്ങനെയെന്ന് ചർച്ചചെയ്യുക.

## കച്ചവടബന്ധങ്ങൾ

പ്രാചീനകാലത്തെപ്പോലെ മധ്യകാലത്തും കരമാർഗവും കടൽമാർഗവുമുള്ള കച്ചവടം തുടർന്നുപോന്നു. കൊല്ലം, കൊടുങ്ങല്ലൂർ, കോഴിക്കോട്, പന്തലായനി, മാടായി, വളപട്ടണം തുടങ്ങിയവ അക്കാലത്തെ പ്രധാന കച്ചവടകേന്ദ്രങ്ങളായിരുന്നു. ഏതൊക്കെ തരത്തിലുള്ള കച്ചവടങ്ങൾ മധ്യകാലത്തുണ്ടായിരുന്നുവെന്നു പരിശോധിക്കാം.

| പ്രാദേശിക കച്ചവടം | ദൂരദേശ കച്ചവടം | വിദേശ കച്ചവടം |
|---|---|---|
| ചന്തകളും അങ്ങാടികളും ആയിരുന്നു പ്രധാന പ്രാദേശിക കച്ചവടകേന്ദ്രങ്ങൾ. നെല്ല്, അരി, പയർവർഗങ്ങൾ, പച്ചക്കറികൾ, വെറ്റില, ഉപ്പ്, മീൻ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളായിരുന്നു കൈമാറ്റംചെയ്തിരുന്നത്. | തമിഴ്നാട്, കർണാടകം, ആന്ധ്ര, കലിംഗം, ഒറീസ തുടങ്ങിയ പ്രദേശങ്ങളുമായിട്ടായിരുന്നു ദൂരദേശകച്ചവടം. തമിഴ് ബ്രാഹ്മണരും ചെട്ടിമാരുമായിരുന്നു പ്രധാന കച്ചവടക്കാർ. അരി, മുളക്, പരുത്തി, പട്ട്, മറ്റ് തുണിത്തരങ്ങൾ, കുതിരകൾ എന്നിവ ഇവിടേക്ക് കൊണ്ടുവന്നു. കുരുമുളകും മറ്റു സുഗന്ധദ്രവ്യങ്ങളും ഇവിടെനിന്ന് കൊണ്ടുപോവുകയും ചെയ്തു. | അറബികൾ, ചൈനക്കാർ, യൂറോപ്യർ തുടങ്ങിയവരായിരുന്നു പ്രധാന വിദേശ കച്ചവടക്കാർ. കുരുമുളക്, ഇഞ്ചി, കറുവപ്പട്ട, ഏലം, മറ്റു സുഗന്ധദ്രവ്യങ്ങൾ, തേങ്ങ എന്നിവ ഇവിടെനിന്നു കൊണ്ടുപോയിരുന്നു. സ്വർണം, ചെമ്പ്, ഈയം, ചീനക്കളിമൺ പാത്രങ്ങൾ, ചീനപ്പട്ട് തുടങ്ങിയവ അക്കാലത്ത് കേരളത്തിൽ എത്തിയിരുന്നു. |

"കൊവലാതച്ചെട്ടി അഞ്ചുവണ്ണം
കൂട്ടുംമ്മണിക്കിരാമത്താർ മക്കൾ
നമ്മളാൽ നാലു നകരത്തിലും
ന്നാലെരക്കൊൾക കുടിക്കുചൊന്നാ"

(പയ്യന്നൂർപ്പാട്ട്)

പതിനാലാം നൂറ്റാണ്ടിലെ പയ്യന്നൂർപ്പാട്ടിലെ വരികളാണിത്. ഇതിൽ പറയുന്ന ചെട്ടിമാർ കച്ചവടക്കാരായിരുന്നു. എന്താണ് അഞ്ചുവണ്ണവും മണിഗ്രാമവും?

മധ്യകാല കേരളത്തിൽ പതിനാലാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന കച്ചവട സംഘങ്ങളാണ് അഞ്ചുവണ്ണവും മണിഗ്രാമവും. കരമാർഗവും കടൽമാർഗവുമുള്ള കച്ചവടങ്ങളിൽ ഈ സംഘങ്ങൾ സജീവമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പോർട്ടുഗീസുകാർ മലബാർതീരത്ത് എത്തുന്നതുവരെ അറബികളും ചൈനക്കാരുമായിരുന്നു പ്രധാന കച്ചവടക്കാർ. യൂറോപ്യരുടെ വരവോടെ അറബ്-ചൈനീസ് കച്ചവടങ്ങൾക്ക് കോട്ടം തട്ടി. കടൽമാർഗമുള്ള കച്ചവടത്തിന്റെ കുത്തക യൂറോപ്യർ നേടി. അങ്ങനെ കേരളത്തിലെ വിഭവ സമ്പത്തിനുമേൽ യൂറോപ്യൻ രാജ്യങ്ങൾ ആധിപത്യം സ്ഥാപിച്ചു.

**തുഫ്ഫത്തുൽ മുജാഹിദിൻ**

മധ്യകാല കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക ചരിത്രം പ്രതിപാദിക്കുന്ന കൃതിയാണ് ഷേക് സൈനുദ്ദീൻ മഖ്ദൂം രചിച്ച തുഫ്ഫത്തുൽ മുജാഹിദിൻ. പതിനാറാം നൂറ്റാണ്ടിൽ അറബിഭാഷയിലാണ് ഈ കൃതി രചിക്കപ്പെട്ടത്. പോർട്ടുഗീസുകാരുടെ അധിനിവേശവും അവർ നടത്തിയ അതിക്രമങ്ങളും അതിനെതിരായ ചെറുത്തുനിൽപ്പുകളും ഈ കൃതി ചർച്ച ചെയ്യുന്നു. കേരളത്തിൽ രചിക്കപ്പെട്ട ആദ്യ ചരിത്രകൃതിയായി പണ്ഡിതന്മാർ ഇതിനെ കണക്കാക്കുന്നു.

## സാംസ്കാരികസമന്വയം

"തപോധനർ വാണിടുമാശ്രമങ്ങളിൽ
വസിച്ചിടും വന്യമൃഗങ്ങളെന്നപോൽ
പരസ്പരം ഭിന്നതയാർന്ന ദേവതാ- ഗണം
വസിച്ചൈക്യമൊടപ്പുരത്തിലായ്"

(മൂഷകവംശം 12-ാം സർഗം 112-ാം ശ്ലോകം)

ആശ്രമമുറ്റത്ത് ശത്രുത മറന്ന് വന്യമൃഗങ്ങൾ രമ്യതയിൽ കഴിയുന്നതുപോലെ വ്യത്യസ്ത ദേവതകളെ ആരാധിച്ചിരുന്നവർ മധ്യകാല കേരളത്തിൽ ഐക്യത്തോടെ വസിച്ചിരുന്നുവെന്നാണ് മൂഷകവംശകാവ്യത്തിലെ ഈ വരികൾ വ്യക്തമാക്കുന്നത്.

കച്ചവടത്തിലൂടെ സാധനങ്ങളുടെ കൈമാറ്റത്തോടൊപ്പം വിവിധ സംസ്കാരങ്ങളുടെ കൈമാറ്റവും നടന്നിരുന്നു. കേരളത്തിന്റെ

**മൂഷകവംശകാവ്യം**

പതിനൊന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട മൂഷകവംശകാവ്യം കേരളത്തിലെയും ഇന്ത്യയിലെയും ആദ്യത്തെ രാജവംശാവലീചരിതമാണ്. ഏതാണ്ട് ആറാം നൂറ്റാണ്ടു മുതൽ പതിനൊന്നാം നൂറ്റാണ്ടുവരെ കോലത്തുനാട് ഭരിച്ചിരുന്ന മൂഷകരാജവംശത്തിലെ രാമഘടൻ മുതൽ ശ്രീകണ്ഠൻ വരെയുള്ള നൂറ്റിപ്പത്തൊൻപതോളം രാജാക്കന്മാരുടെ ഭരണകാലമാണ് ഈ കാവ്യത്തിൽ വിവരിക്കുന്നത്. ശ്രീകണ്ഠന്റെ കൊട്ടാരംകവി അതുലനാണ് ഈ കാവ്യം എഴുതിയത്.

സാംസ്കാരികസമന്വയത്തിൽ ഈ കച്ചവടബന്ധങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. വിവിധ മതവിഭാഗങ്ങൾ പരസ്പര സൗഹാർദത്തോടെ ഒത്തൊരുമിച്ച് അധിവസിക്കുന്ന ഒരു ഭൂപ്രദേശമായി നമ്മുടെ നാട് മാറിയത് മധ്യകാലത്താണ്. ബ്രാഹ്മണരും ജൈന-ബുദ്ധ മതവിഭാഗങ്ങളും ജൂത-ക്രൈസ്തവ-ഇസ്ലാം മതങ്ങളും കേരളത്തിൽ വ്യാപിച്ചത് മധ്യകാലത്താണ്. കേരളത്തിലെ ഭരണാധികാരികൾ എല്ലാ മതവിഭാഗങ്ങളെയും ഒരുപോലെ കണ്ടിരുന്നു. നാടുവാഴികൾ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും ഭൂമിയും മറ്റും ദാനമായി നൽകിയത് മുമ്പു സൂചിപ്പിച്ചത് ഓർക്കുമല്ലോ. അതുപോലെ ജൈന-ബുദ്ധ-ജൂത-ക്രൈസ്തവ-ഇസ്ലാം മതവിഭാഗങ്ങളിൽപ്പെട്ടവർക്കും നാടുവാഴികൾ പലതരത്തിലുള്ള അവകാശങ്ങൾ നൽകിയിരുന്നു.


## നാടുവാഴികൾ നൽകിയ അവകാശങ്ങൾ

- തെക്കൻ തിരുവിതാംകൂറിലെ ആയ് രാജാവ് വിക്രമാദിത്യ വരഗുണൻ ഒൻപതാം നൂറ്റാണ്ടിൽ ശ്രീമൂലവാസത്തെ ബുദ്ധമതമന്ദിരത്തിന് കൊടുത്ത അവകാശങ്ങൾ (പാലിയം ചെപ്പേട്).
- സി.ഇ. ഒൻപത്,പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിൽ താഴെക്കാവു, കിണാലൂർ, ആലത്തൂർ, തിരുമണ്ണൂർ, ചിതറാൽ എന്നിവിടങ്ങളിൽ ജൈനമന്ദിരങ്ങൾക്ക് ചെയ്ത ദാനങ്ങൾ (തിരുമണ്ണൂർ ശാസനം).
- വേണാട് നാടുവാഴി അയ്യനടികൾ സി.ഇ. ഒൻപതാം നൂറ്റാണ്ടിൽ മണിഗ്രാമം കച്ചവടസംഘത്തിൽപ്പെട്ട മാർ സപീർ ഈശോ എന്ന ക്രൈസ്തവ കച്ചവടക്കാരന് കൊല്ലം നഗരത്തിൽ കച്ചവടം ചെയ്യാനും തരിസാപ്പള്ളി പണിയാനും നൽകിയ അവകാശം (തരിസാപ്പള്ളി ശാസനം).
- അഞ്ചുവണ്ണം കച്ചവടസംഘത്തിൽ പെട്ട ജോസഫ് റബ്ബാൻ എന്ന ജൂതവ്യാപാരിക്ക് കൊടുങ്ങല്ലൂർ നഗരത്തിൽ കച്ചവടം ചെയ്യാൻ പെരുമാൾ രാജാവായ ഭാസ്കര രവി പത്താം നൂറ്റാണ്ടിൽ നൽകിയ അവകാശം (ജൂതശാസനം) .
- സി.ഇ.പതിമൂന്നാം നൂറ്റാണ്ടിൽ നെടിയിരുപ്പു സ്വരൂപത്തിലെ സാമൂതിരി രാജാവ് മുച്ചുന്തി മുസ്ലിം പള്ളിക്ക് കുൻമങ്ങലത്ത്, പുളിക്കൽ ഭൂമികൾ ചാർത്തി നൽകിയത് (മുച്ചുന്തിപ്പള്ളി ശാസനം).


*മുച്ചുന്തി മുസ്ലിംപള്ളി*


*ചിതറാൽ*

സി.ഇ. പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിൽ കേരളം സന്ദർശിച്ച അൽബിറൂനിയും സി.ഇ. പതിനഞ്ചാം നൂറ്റാണ്ടിലെത്തിയ അബ്ദുർറസാഖും നൽകുന്ന വിവരങ്ങൾ ശ്രദ്ധിക്കൂ:




കേരളത്തിന്റെ സാംസ്കാരികസമന്വയത്തിന് കച്ചവടബന്ധങ്ങൾ കാരണമായതെങ്ങനെ?



## സാമൂഹികനിയന്ത്രണങ്ങൾ

മധ്യകാലത്തിലെ സാമൂഹികബന്ധങ്ങളെ നിയന്ത്രിക്കുന്നതിനായി നിയമങ്ങളും ചട്ടങ്ങളുമുണ്ടായിരുന്നു. പെരുമാൾ കാലത്ത് മൂഴിക്കുളം കച്ചം എന്ന ഒരു പെരുമാറ്റച്ചട്ടം നിലനിന്നിരുന്നു. അത് ബ്രാഹ്മണരും ക്ഷേത്രവും അടങ്ങുന്ന സമൂഹത്തിനാണ് പ്രധാനമായും ബാധകമായിരുന്നത്. നാട്ടുനടപ്പുകളായിരുന്നു പെരുമാൾ കാലത്തെ പൊതുസമൂഹത്തെ നിയന്ത്രിച്ചിരുന്നത്. പെരുമാൾ കാലത്തിനുശേഷം കച്ചങ്ങൾ അപ്രത്യക്ഷമാവുകയും നാട്ടുനടപ്പുകളും നാട്ടാചാരങ്ങളും പ്രബലമാവുകയും ചെയ്തു. അവ കീഴ്മര്യാദ എന്നറിയപ്പെട്ടു. വിവിധ തരത്തിലുള്ള മര്യാദകൾ നിലനിന്നിരുന്നു.

- ദേശമര്യാദ
- തൊഴിൽമര്യാദ
- സ്വരൂപമര്യാദ
- ശൂദ്രമര്യാദ
- തൊഴിൽക്കൂട്ടങ്ങൾ പരസ്പരം പാലിച്ചിരുന്ന ജാതിമര്യാദ.

പൊതുവെ മര്യാദകൾ ലംഘിക്കപ്പെടാറില്ല, അങ്ങനെയുണ്ടായാൽ അത് കലഹത്തിലേക്കു നയിക്കും. മര്യാദകൾ അനുസരിച്ചായിരുന്നു മുമ്പ് സൂചിപ്പിച്ച ഭൂവുടമാവകാശബന്ധങ്ങളും ജാതി-മത ബന്ധങ്ങളുമെല്ലാം സമൂഹത്തിൽ നിലനിന്നിരുന്നത്. ഇതുകൂടാതെ

### സത്യപരീക്ഷകൾ



- **വിഷപ്പരീക്ഷ** – വിഷപ്പാമ്പിന്റെ കൂട്ടിൽ കുറ്റം ചെയ്തയാളുടെ കൈവയ്ക്കുന്നത്. പാമ്പുകടിയേറ്റാൽ കുറ്റം ചെയ്തെന്ന് കണക്കാക്കും .
- **ജലപ്പരീക്ഷ** – മുതലയുള്ള കുളത്തിൽ കുറ്റം ചെയ്തയാളെ ഇറക്കുന്നത്. മുതല പിടിച്ചാൽ കുറ്റം ചെയ്തു എന്നു കരുതും.
- **അഗ്നിപരീക്ഷ** – തിളച്ച എണ്ണയിലോ നെയ്യിലോ കുറ്റാരോപിതന്റെ കൈവിരൽ മുക്കും. വിരൽ പൊള്ളിയാൽ കുറ്റം ചെയ്തിട്ടുണ്ട് എന്നു കണക്കാക്കും. ശുചീന്ദ്രം കൈമുക്ക് അക്കാലത്തെ അറിയപ്പെട്ട അഗ്നിപരീക്ഷയായിരുന്നു.
- **തൂക്കുപരീക്ഷ** – കുറ്റം ചെയ്ത ആളെ ആദ്യം ത്രാസിൽ ഇരുത്തി തൂക്കിയശേഷം അയാൾ ചെയ്ത കുറ്റങ്ങൾ എഴുതിയ താളിയോല ദേഹത്ത് ചേർത്തുവച്ച് വീണ്ടും തൂക്കും. തൂക്കം ആദ്യത്തേതിനേക്കാൾ കൂടുതലായാൽ ശിക്ഷ ലഭിക്കും.

നാടുവാഴികളുടെ കാലത്ത് കുറ്റം ചെയ്തവരെ ശിക്ഷിക്കുന്നതിനായി വിഷപ്പരീക്ഷ, ജലപ്പരീക്ഷ, അഗ്നിപരീക്ഷ, തൂക്കുപരീക്ഷ തുടങ്ങിയ സത്യ പരീക്ഷകളും നിലനിന്നിരുന്നു. ഇതിൽ തൂക്കുപരീക്ഷ ബ്രാഹ്മണരടക്കമുള്ള മേലാളന്മാർക്കാണ് നടത്തിയിരുന്നത്. മറ്റു പരീക്ഷകൾ അവർണ ഗണത്തിൽപ്പെട്ട ജാതിസമൂഹത്തിന് മൊത്തത്തിൽ ബാധകമായിരുന്നു. എല്ലാവർക്കും തുല്യ നീതിയായിരുന്നില്ല മധ്യകാലത്തുണ്ടായിരുന്നത്. സവർണനും അവർണനും നൽകിയിരുന്ന ശിക്ഷകളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നു.

ബ്രിട്ടീഷുകാരുടെ ഭരണകാലം വരെ മേൽപ്പറഞ്ഞ നാട്ടുവഴക്കങ്ങളാണ് സമൂഹത്തിൽ നിലനിന്നിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടോടെ ഏകീകൃത നിയമങ്ങൾ നിലവിൽവന്നു.

> മധ്യകാല സാമൂഹത്തിൽ എല്ലാവർക്കും തുല്യനീതിയാണോ ഉണ്ടായിരുന്നത്? ചർച്ചചെയ്യുക.

**കാന്തളൂർ ശാല**

മധ്യകാല കേരളത്തിലെ വേദ പഠന കേന്ദ്രങ്ങൾ ശാലകൾ എന്നറിയപ്പെട്ടു. അവയിൽ പ്രധാനപ്പെട്ടതായിരുന്നു കാന്തളൂർ ശാല. കരുനന്തടക്കൻ എന്ന ആയ് രാജാവിന്റെ കാലത്താണ് കാന്തളൂർ ശാല നിലവിൽ വന്നത്. വേദങ്ങൾക്ക് പുറമെ ഭാഷ, വ്യാകരണം, തത്വചിന്ത, നിയമം, ശാസ്ത്രം, ആയുധവിദ്യ എന്നിവയായിരുന്നു ശാലകളിലെ പഠന വിഷയങ്ങൾ. പർത്തിവപുരം ശാല, തിരുവല്ല ശാല, മൂഴിക്കുളം ശാല എന്നിവയായിരുന്നു മധ്യകാല കേരളത്തിലെ മറ്റ് പ്രധാന ശാലകൾ.

## ഭാഷ, സാഹിത്യം, കല, ശാസ്ത്രം

മധ്യകാല കേരളത്തിലെ ഭാഷ, സാഹിത്യം, ശാസ്ത്രം തുടങ്ങിയവയെക്കുറിച്ച് മുൻക്ലാസിൽ നാം ചർച്ചചെയ്തിട്ടുണ്ടല്ലോ.

പ്രാചീനകാലത്ത് കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നല്ലോ. തമിഴിന്റെ സ്വാധീനം പ്രകടമായതും സംസ്കൃതം കലർന്നതുമായ രൂപമായിരുന്നു മധ്യകാലത്തിലെ മലയാളഭാഷയ്ക്കുണ്ടായിരുന്നത്. ഒൻപതാം നൂറ്റാണ്ടുമുതൽ വട്ടെഴുത്തിലെഴുതിയ ലിഖിതങ്ങളിലാണ് ഈ രീതിയിലുള്ള മലയാള ഭാഷ കാണുന്നത്. മുമ്പ് സൂചിപ്പിച്ച തരിസാപ്പള്ളി, തിരുനെല്ലി ലിഖിതങ്ങൾ ഇതിനുദാഹരണങ്ങളാണ്.

പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള ലിഖിതങ്ങളിൽ ഈ രൂപത്തിലുള്ള എഴുത്തുകൾ കാണാം. അതിനുശേഷമുള്ള എഴുത്തുകളിൽ മലയാളത്തിന്റെ സ്വാധീനം കൂടിവന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'രാമചരിതം' മലയാളത്തിലെ ആദ്യകാല കൃതിയാണ്. പതിനാലാം നൂറ്റാണ്ടോടെ മണിപ്രവാളസാഹിത്യകൃതികൾ രചിക്കപ്പെട്ടു. അക്കാലത്തെ പ്രധാന മണിപ്രവാളകൃതികൾ താഴെ പറയുന്നവയാണ്.

- ഉണ്ണുനീലിസന്ദേശം
- ഉണ്ണിയച്ചീചരിതം
- ചന്ദ്രോൽസവം
- അനന്തപുരവർണനം
- വൈശികതന്ത്രം

പതിനഞ്ചാം നൂറ്റാണ്ടോടെ ഇത്തരം രചനകളുടെ കാലം അവസാനിച്ചു. പതിനഞ്ചാം നൂറ്റാണ്ടിലെ

**മണിപ്രവാളം**

സംസ്കൃതം ഇടകലർത്തി മലയാളത്തിൽ രചിച്ച സാഹിത്യകൃതികളാണ് മണിപ്രവാളം എന്നറിയപ്പെട്ടത്. മണിപ്രവാളത്തിൽ സന്ദേശ കാവ്യങ്ങളും ചമ്പൂകാവ്യങ്ങളും (ഗദ്യവും പദ്യവും ചേർന്ന കാവ്യങ്ങൾ) രചിക്കപ്പെട്ടു.

നിരണം കവികളിൽ പെട്ട രാമപ്പണിക്കർ അഥവാ കണ്ണശ്ശൻ മലയാളത്തിൽ എഴുതിയ രാമായണം, ഭാഗവതം, ശിവരാത്രിമാഹാത്മ്യം എന്നീ കൃതികളും മലയാളഭാഷയുടെ വളർച്ചയിൽ പ്രധാനപ്പെട്ടതാണ്. ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ'യാണ് അക്കാലത്ത് മലയാളത്തിൽ രചിക്കപ്പെട്ട മറ്റൊരു കൃതി.

മധ്യകാല ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തെ കുറിച്ച് മുൻപാഠഭാഗത്ത് ചർച്ചചെയ്തത് ഓർക്കുമല്ലോ. ഭക്തിസാഹിത്യം മലയാളത്തിലും ഉണ്ടായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ പൂന്താനം നമ്പൂതിരി രചിച്ച ജ്ഞാനപ്പാന, ശ്രീകൃഷ്ണകർണാമൃതം, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് തുടങ്ങിയവ അക്കാലത്തെ ഭക്തിസാഹിത്യകൃതികളാണ്. പതിനെട്ടാം നൂറ്റാണ്ടിലെ കുഞ്ചൻനമ്പ്യാരുടെ തുള്ളൽ പ്പാട്ടുകളും രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടും മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ വലിയ പങ്കുവഹിച്ചു. വടക്കൻപാട്ട്, തെക്കൻപാട്ട് തുടങ്ങിയ വായ്മൊഴിപ്പാട്ടുകളും ഇക്കാലത്ത് പ്രചരിച്ചു.

മലയാളഭാഷയുടെ വളർച്ചയിൽ മധ്യകാല സാഹിത്യകൃതികൾ വഹിച്ച പങ്ക് ചർച്ചചെയ്യുക.



### വായ്മൊഴിപ്പാട്ടുകൾ



- **വടക്കൻപാട്ടുകൾ** – പോർവീരന്മാരെ പ്രകീർത്തിക്കുന്ന പാട്ടുകൾ. തച്ചോളി ഒതേനൻ എന്ന പോർവീരനെ പുകഴ്ത്തുന്ന തച്ചോളിപ്പാട്ടും ആരോമൽ ചേകവരെ പുകഴ്ത്തുന്ന പുത്തൂരംപാട്ടും ഇതിൽ പ്രധാനങ്ങളാണ്.
- **തെക്കൻപാട്ടുകൾ** – ദേശചരിത്രം, വിവാഹം, ദേവതാസങ്കൽപ്പങ്ങൾ, പോർവീരരുടെ പ്രകീർത്തനങ്ങൾ, യക്ഷികൾ തുടങ്ങി നിരവധി വിഷയങ്ങൾ തെക്കൻപാട്ടുകളിൽ വരുന്നുണ്ട്. ഇരവിക്കുട്ടിപ്പിള്ളപ്പോരുപാട്ട്, പഞ്ചവങ്കാട്ട് നീലിപ്പാട്ട് തുടങ്ങിയവ ഉദാഹരണങ്ങളാണ്.
- **തോറ്റംപാട്ടുകൾ**– തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ.
- **കൊയ്ത്തുപാട്ടുകൾ/ഞാറ്റുപാട്ടുകൾ** – കൃഷിപ്പണിയിലേർപ്പെടുന്നവർ കൂട്ടമായി പാടിയിരുന്ന പാട്ടുകൾ.
- **പടപ്പാട്ടുകൾ** – പട നയിക്കുന്നതുമായി ബന്ധപ്പെട്ട് രൂപപ്പെട്ട പാട്ടുകൾ.

കേരളത്തിലേക്കു കുടിയേറിയ നിരവധി ജനവിഭാഗങ്ങളുടെ സംസാര ഭാഷകളും ശൈലികളുമെല്ലാം ഭാഷയുടെ വളർച്ചയിൽ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിന്റെ തെക്കൻ അതിർത്തിയിൽ താമസിക്കുന്നവർ സംസാരിക്കുന്ന ഭാഷയ്ക്ക് തമിഴ്സ്വാധീനവും വടക്കൻ അതിർത്തിയിൽ താമസിക്കുന്നവർ സംസാരിക്കുന്ന ഭാഷയ്ക്ക് കന്നഡസ്വാധീനവുമുണ്ട്.

കടൽ വഴി വന്ന കുടിയേറ്റക്കാരുടെയും കച്ചവടക്കാരുടെയും ഭാഷയുടെ സ്വാധീനവും മലയാളഭാഷയ്ക്കുണ്ട്. അറബികളുടെ സ്വാധീനം അറബിമലയാളം എന്ന വരമൊഴി രൂപപ്പെടുത്തി. പതിനേഴാം നൂറ്റാണ്ടിലെ ഖാസി മുഹമ്മദിന്റെ 'മുഹ്യിദ്ദീൻമാല' അറബിമലയാളത്തിലെഴുതിയ കൃതിയാണ്. കേരളക്കരയിലെത്തിയ ക്രിസ്ത്യൻ മിഷണറിമാരും മലയാളഭാഷയിൽ കൃതികൾ രചിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ മിഷനറിമാർ രചിച്ച കൃതികൾ ഏതൊക്കെയെന്ന് പരിചയപ്പെടാം.

- സംക്ഷേപവേദാർഥം
- അർണോസ് പാതിരിയുടെ പുത്തൻപാന
- പാറേമാക്കൽ തോമാക്കത്തനാരുടെ വർത്തമാനപ്പുസ്തകം

കേരളത്തിന്റെ തനത് കലാരൂപങ്ങൾ രൂപംകൊണ്ടതും മധ്യകാലത്താണ്. അക്കാലത്ത് വളർന്നുവന്ന ചില കലാരൂപങ്ങളാണ് ചുവടെ തന്നിട്ടുള്ളത്.

### സംഗമഗ്രാമ മാധവൻ

പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന ജ്യോതിശാസ്ത്ര-ഗണിതശാസ്ത്ര പണ്ഡിതനാണ് സംഗമഗ്രാമമാധവൻ. തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയാണ് ഇദ്ദേഹത്തിന്റെ ജന്മദേശമെന്ന് കരുതപ്പെടുന്നു. ഗണിതശാസ്ത്രത്തിലെ അനന്തശ്രേണികളെ കണ്ടെത്തിയതും പൈയുടെ വില കൃത്യതപ്പെടുത്തിയതും മാധവനാണ്. ത്രികോണമിതിയിലും ബീജഗണിതത്തിലും അന്യൂനമായ സംഭാവനകൾ നൽകിയ മാധവന്റെ പ്രധാന കൃതിയാണ് വേണുവാരോഹം. മാധവൻ, വടശ്ശേരി പരമേശ്വരൻ, നീലകണ്ഠ സോമയാജി തുടങ്ങിയവരുടെ സംഭാവനകൾ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന പേരിൽ പാശ്ചാത്യ ലോകത്തും പ്രസിദ്ധമായി.


മോഹിനിയാട്ടം


കഥകളി


ഓട്ടൻതുള്ളൽ


തെയ്യം



പടയണി


ഒപ്പന


മാർഗംകളി


ദഫ് മുട്ട്


പരിചമുട്ടുകളി


കൂടിയാട്ടം


ചാക്യാർക്കൂത്ത്


ചവിട്ടുനാടകം

ആയുർവേദം, ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വാസ്തുശാസ്ത്രം തുടങ്ങിയ മേഖലകളിലും മധ്യകാലത്ത് പുരോഗതിയുണ്ടായി. ഗണിതത്തിലും ജ്യോതിശ്ശാസ്ത്രത്തിലും ആഴത്തിലുള്ള നിരീക്ഷണപരീക്ഷണങ്ങൾ അക്കാലത്ത് നടന്നിരുന്നു. ശങ്കരനാരായണൻ, സംഗ്രമ മാധവൻ, വടശ്ശേരി പരമേശ്വരൻ, നീലകണ്ഠ സോമയാജി തുടങ്ങിയവർ അക്കാലത്തെ പ്രമുഖ ഗണിതശാസ്ത്ര പണ്ഡിതന്മാരാണ്.

മലയാളഭാഷയിലുള്ള സാഹിത്യകൃതികളും മലയാളിയുടേതായ കലാരൂപങ്ങളും വളർന്നുവന്നതും സവിശേഷമായ സാമൂഹിക-സാമ്പത്തിക സ്ഥാപനങ്ങൾ നിലവിൽ വന്നതും ശാസ്ത്രമേഖല വളർച്ച പ്രാപിച്ചതും മധ്യകാലത്താണ്. ചുരുക്കത്തിൽ, കേരളസംസ്കാരത്തിന്റെ സവിശേഷമുദ്രകൾ രൂപപ്പെട്ടത് മധ്യകാലത്താണ്.

**കേരളസംസ്കാരത്തിന്റെ രൂപീകരണത്തിലെ നിർണായക കാലഘട്ടമാണു മധ്യകാലം– സമർഥിക്കുക.**

## കേരളം എട്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ

- **പെരുമാൾ ഭരണകാലം** → കുടി → ഊര് → നാട്
- **സ്വരൂപങ്ങൾ** → കോല സ്വരൂപം → നെടിയിരുപ്പ് സ്വരൂപം → പെരുമ്പടപ്പ് സ്വരൂപം → തൃപ്പാപ്പൂര് സ്വരൂപം
- **ഭൂവുടമാവകാശങ്ങൾ** → ചേരിക്കൽ → ബ്രഹ്മസ്വം → ദേവസ്വം
- **കൃഷിയും തൊഴിൽക്കൂട്ടങ്ങളും** → ജാതികൾ
- **കച്ചവടബന്ധങ്ങൾ** → പ്രാദേശിക കച്ചവടം → ദൂരദേശ കച്ചവടം → വിദേശ കച്ചവടം → അഞ്ചുവണ്ണം, മണിഗ്രാമം
- **സാംസ്കാരിക സമന്വയം** → ബ്രാഹ്മണർ, ജൈനർ, ബുദ്ധർ, ജൂത–ക്രൈസ്തവ–ഇസ്‌ലാം മതവിഭാഗങ്ങൾ
- **സാമൂഹിക നിയന്ത്രണങ്ങൾ** → മര്യാദകൾ → പരീക്ഷകൾ
- **ഭാഷ, സാഹിത്യം, കല, ശാസ്ത്രം** → മലയാളഭാഷ → മണിപ്രവാളം → പൂന്താനം, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ → പാട്ടുകൾ → കലാരൂപങ്ങൾ



### പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- കൊളോണിയൽ കാലത്തിനുമുമ്പ് കേരളത്തിൽ നിലനിന്ന ഭരണ സംവിധാനത്തെ തിരിച്ചറിയുന്നു.
- ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശം എങ്ങനെ രൂപംകൊണ്ടുവെന്ന് വിശദമാക്കുന്നു.
- വയലുപോലെത്തന്നെ പറമ്പ്,പുരയിടം,മലമ്പ്രദേശങ്ങൾ തുടങ്ങിയവ കാർഷിക ഭൂപ്രദേശങ്ങളായിരുന്നുവെന്ന് തിരിച്ചറിയുന്നു.
- പരമ്പരാഗത തൊഴിൽക്കൂട്ടങ്ങൾ പിൽക്കാലത്ത് ജാതികളായി മാറിയതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു.
- കേരളത്തിന്റെ സാംസ്കാരികസമന്വയം കണ്ടെത്തുന്നു.

- ജാതിയും മതവും തിരിച്ച് കേരളസമൂഹത്തെ പട്ടികപ്പെടുത്തി സർക്കാർ രേഖകളിൽ രേഖപ്പെടുത്തിയത് ബ്രിട്ടീഷുകാരുടെ കൊളോണിയൽ ഭരണകാലത്താണെന്ന് തിരിച്ചറിയുന്നു.
- മധ്യകാലസമൂഹത്തിലെ നിയമങ്ങൾ വിശദമാക്കുന്നു.
- മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും കലകളുടെയും ശാസ്ത്രത്തിന്റെയും വളർച്ച വിശകലനം ചെയ്യുന്നു.
- മലയാളം മാതൃഭാഷയായുള്ള ഒരു ഭൂപ്രദേശമായി കേരളം രൂപം കൊണ്ടത് മധ്യകാലത്താണെന്നു കണ്ടെത്തുന്നു.

## വിലയിരുത്താം

- മധ്യകാലകേരളത്തിലെ ഒരു ഭരണസംവിധാനത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- കാർഷികഗ്രാമങ്ങളുടെ വളർച്ച ജാതിസമൂഹത്തെ സൃഷ്ടിച്ചതെങ്ങനെയെന്ന് വിലയിരുത്തുക.
- കേരളത്തിന്റെ സാംസ്കാരികസമന്വയത്തിന് കച്ചവടബന്ധങ്ങൾ എത്രമാത്രം സഹായകമായെന്ന് വിലയിരുത്തുക.
- മലയാളഭാഷയും സാഹിത്യവും കലാരൂപങ്ങളും ശാസ്ത്രവും മധ്യകാലത്താണ് വളർച്ച പ്രാപിച്ചത് - സമർഥിക്കുക

## തുടർപ്രവർത്തനങ്ങൾ

- മധ്യകാലകേരളത്തിന്റെ രാഷ്ട്രീയഭൂപടം തയാറാക്കുക.
- കേരളത്തിലെ കാർഷികവിളകളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട തൊഴിൽക്കൂട്ടങ്ങളെക്കുറിച്ചും അവരുടെ അധിവാസകേന്ദ്രങ്ങളുടെ പേരുകളെക്കുറിച്ചും അന്വേഷണം നടത്തി കുറിപ്പ് തയാറാക്കുക.
- മധ്യകാല കച്ചവടബന്ധങ്ങൾ സാംസ്കാരികസമന്വയത്തിലേക്കു നയിച്ചതെങ്ങനെയെന്ന് തുടരന്വേഷണം നടത്തുക.
- മലയാളസാഹിത്യത്തിന് മധ്യകാലത്തുണ്ടായ വളർച്ചയെക്കുറിച്ച് ലൈബ്രറിയുടെ സഹായത്തോടെ കൂടുതൽ അന്വേഷണം നടത്തി ഒരു പ്രബന്ധം തയാറാക്കുക.
- പ്രാദേശികമായി പ്രചാരത്തിലുള്ള വായ്മൊഴിപ്പാട്ടുകളും കഥകളും മറ്റും ശേഖരിക്കുക.
- മധ്യകാല കലാരൂപങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഐ.സി.ടി. സാധ്യതകളുപയോഗിച്ച് ഡിജിറ്റൽ ആൽബം തയാറാക്കുക.



അധ്യായം

08

# തിരഞ്ഞെടുപ്പും ജനാധിപത്യവും

## ആദ്യവോട്ടർ നെഗി ഇന്ന് വീണ്ടും ബൂത്തിലേക്ക്

**കിന്നാർ(ഹിമാചൽപ്രദേശ്) :** ഹിമാചൽ പ്രദേശിലെ കിന്നാറിലെ കൽപ പോളിങ്ബൂത്ത് ഒരു വി.ഐ.പി. വോട്ടറെ കാത്തിരിക്കുകയാണ്. ശ്യാംസരൺ നെഗി എന്ന 97 കാരനെ. 1951 ഒക്ടോബർ 25 ന് അദ്ദേഹം രേഖപ്പെടുത്തിയ വോട്ടാണ് സ്വതന്ത്ര ഇന്ത്യയിലെ ആദ്യവോട്ട്. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ തിരഞ്ഞെടുപ്പ് നടന്നത് 1952 ലാണ്. പക്ഷേ, സമുദ്രനിരപ്പിൽനിന്ന് 2759 മീറ്റർ ഉയരത്തിൽ, എപ്പോഴും മഞ്ഞുവീണുകൊണ്ടിരിക്കുന്ന കിന്നാറിൽ ആറുമാസം മുൻപ് തിരഞ്ഞെടുപ്പ് നടത്താൻ സർക്കാർ തീരുമാനിച്ചു. അങ്ങനെയാണ്



നെഗി ആദ്യം വോട്ട് രേഖപ്പെടുത്തുന്നതും അത് ചരിത്രത്തിലിടം പിടിക്കുന്നതും. "സ്വാതന്ത്ര്യം കിട്ടിയതിന്റെ ആവേശമായിരുന്നു അന്നെല്ലാം ഞങ്ങൾക്ക്. അതിരില്ലാത്ത ആനന്ദവും അഭിമാനവുമായിരുന്നു വോട്ടു ചെയ്തിറങ്ങിയപ്പോൾ" - ശ്യാംസരൺ നെഗി പറയുന്നു. അതിനുശേഷം 27 തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്ത അദ്ദേഹം ഇത്തവണയും സമ്മതിദാനാവകാശം പാഴാക്കില്ലെന്ന ദൃഢനിശ്ചയത്തിലാണ്. 2014 ലെ ലോകസഭാ തിരഞ്ഞെടുപ്പിലെ പ്രചാരണ അംബാസഡറാണ് നെഗി. യുവതലമുറയോട് അദ്ദേഹത്തിന് പറയാനുള്ളത് ഇതാണ്: "വോട്ട് ചെയ്യാതിരിക്കരുത്. രാജ്യത്തോട് നമുക്ക് നിർവഹിക്കാനുള്ള കർത്തവ്യമാണിത്."

ഇന്ത്യയിലെ ആദ്യവോട്ടറായ ശ്യാംസരൺ നെഗി വോട്ടർമാർക്ക് നൽകുന്ന സന്ദേശമാണ് മുകളിൽ കൊടുത്തിരിക്കുന്ന പത്രവാർത്തയിലുള്ളത്. തിരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി നെഗിയുടെ വാക്കുകളിൽനിന്നു വ്യക്തമായല്ലോ. ജനാധിപത്യരാജ്യങ്ങളിൽ കൃത്യമായ ഇടവേളകളിൽ തിരഞ്ഞെടുപ്പ് നടക്കാറുണ്ട്. ജനാധിപത്യവ്യവസ്ഥയിൽ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള സംവിധാനമാണ് തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പുകളില്ലാതെ ജനാധിപത്യവ്യവസ്ഥ നിലനിൽക്കുകയില്ല.

ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം പരിശോധിക്കൂ.

- തിരഞ്ഞെടുപ്പുകൾ ജനാഭിലാഷം പ്രതിഫലിപ്പിക്കുന്നു.
- ജനങ്ങൾക്കിഷ്ടപ്പെട്ട ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ സാധിക്കുന്നു.
- ജനങ്ങൾക്ക് ജനാധിപത്യപ്രക്രിയയിൽ പങ്കെടുക്കുന്നതിനും പ്രതികരിക്കുന്നതിനും സാധിക്കുന്നു.
- ഭരണാധികാരികൾ ജനാഭിലാഷമറിഞ്ഞ് പ്രവർത്തിക്കുന്നതിന് തിരഞ്ഞെടുപ്പ് കാരണമാകുന്നു.



**തിരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിൽ അനിവാര്യമാണ് – സമർഥിക്കുക.**

ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രാധാന്യം മനസ്സിലാക്കിയല്ലോ. ലോകത്ത് ഭൂരിഭാഗം രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്നത് ജനാധിപത്യഭരണക്രമമാണ്. എന്നാൽ ഈ രാജ്യങ്ങളിലെല്ലാം സ്വീകരിച്ചിരിക്കുന്ന തിരഞ്ഞെടുപ്പ് രീതികളും സമ്പ്രദായങ്ങളും വ്യത്യസ്തമാണ്. ചില രാജ്യങ്ങളിൽ പ്രത്യക്ഷ തിരഞ്ഞെടുപ്പും മറ്റു ചില രാജ്യങ്ങളിൽ പരോക്ഷ തിരഞ്ഞെടുപ്പും സ്വീകരിച്ചിരിക്കുന്നു. ജനാധിപത്യരാജ്യമായ ഇന്ത്യയിൽ വിവിധ പ്രാതിനിധ്യസ്ഥാപനങ്ങളിലേക്ക് സ്വീകരിച്ചിരിക്കുന്ന തിരഞ്ഞെടുപ്പുരീതികൾ താഴെക്കൊടുത്ത ചാർട്ടിൽ നിരീക്ഷിക്കൂ.

**തിരഞ്ഞെടുപ്പുരീതികൾ**

- **പ്രത്യക്ഷ തിരഞ്ഞെടുപ്പ്**
  - ലോകസഭ
  - സംസ്ഥാന നിയമസഭ
  - പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ
- **പരോക്ഷ തിരഞ്ഞെടുപ്പ്**
  - രാഷ്ട്രപതി
  - ഉപ രാഷ്ട്രപതി
  - രാജ്യസഭ



## രഹസ്യബാലറ്റ് (Secret Ballot)

ഇന്ത്യയിൽ തിരഞ്ഞെടുപ്പുകളിൽ സമ്മതിദായകർ വോട്ടവകാശം വിനിയോഗിക്കുന്നത് രഹസ്യബാലറ്റിലൂടെയാണ്. ഇതുമൂലം മറ്റാരും അറിയാതെ വോട്ടുചെയ്യാൻ സമ്മതിദായകന് കഴിയുന്നു. വോട്ടർമാർക്കു നൽകുന്ന ബാലറ്റ് പേപ്പറിൽ താനിഷ്ടപ്പെടുന്ന സ്ഥാനാർഥിക്ക് വോട്ട് രേഖപ്പെടുത്തുന്നു.

ലോകസഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും പഞ്ചായത്ത്-നഗരഭരണ സ്ഥാപനങ്ങളിലേക്കുമുള്ള പ്രതിനിധികളെ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്? ജനങ്ങൾ നേരിട്ട് അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഈ രീതിയെ പ്രത്യക്ഷ തിരഞ്ഞെടുപ്പുരീതി എന്നു പറയുന്നു.

എന്നാൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭാംഗങ്ങൾ എന്നിവരുടെ തിരഞ്ഞെടുപ്പുകളിൽ ജനങ്ങൾ നേരിട്ട് പങ്കെടുക്കാറുണ്ടോ? ജനങ്ങൾ തിരഞ്ഞെടുത്തയച്ച പ്രതിനിധികളാണ് ഇവരെ തിരഞ്ഞെടുക്കുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വോട്ട് രേഖപ്പെടുത്തി പ്രതിനിധികളെ കണ്ടെത്തുന്ന രീതിയാണ് പരോക്ഷ തിരഞ്ഞെടുപ്പുരീതി.

പ്രത്യക്ഷ-പരോക്ഷ തിരഞ്ഞെടുപ്പുകൾക്ക് ഏതാനും ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.



| പ്രത്യക്ഷ തിരഞ്ഞെടുപ്പ് | പരോക്ഷ തിരഞ്ഞെടുപ്പ് |
|---|---|
| • ക്ലാസ് പ്രതിനിധി | • സ്കൂൾ ചെയർമാൻ |
| • പഞ്ചായത്ത് മെംബർ | • പഞ്ചായത്ത് പ്രസിഡന്റ് |
| • | • |
| • | • |
| • | • |

## കേവല ഭൂരിപക്ഷ വ്യവസ്ഥ

പ്രത്യക്ഷ-പരോക്ഷ തിരഞ്ഞെടുപ്പുരീതികൾ പരിചയപ്പെട്ടല്ലോ. ഇന്ത്യയിൽ പ്രത്യക്ഷ തിരഞ്ഞെടുപ്പുരീതി പിന്തുടരുന്ന ലോകസഭ, സംസ്ഥാന നിയമസഭകൾ, പഞ്ചായത്ത്-നഗരഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ കേവലഭൂരിപക്ഷ സമ്പ്രദായമാണ് നാം സ്വീകരിച്ചിരിക്കുന്നത്. ഈ സമ്പ്രദായമനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തുന്നത് താഴെ പറയുന്ന രീതിയിലാണ്.

- രാജ്യത്തെ വിവിധ നിയോജകമണ്ഡലങ്ങളായി തിരിക്കുന്നു.
- ഒരു നിയോജകമണ്ഡലത്തിൽനിന്ന് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു.
- എത്ര സ്ഥാനാർഥികൾക്ക് വേണമെങ്കിലും മത്സരിക്കാം.
- മറ്റു സ്ഥാനാർഥികളെ അപേക്ഷിച്ച് കൂടുതൽ വോട്ട് ലഭിക്കുന്ന ആൾ തിരഞ്ഞെടുക്കപ്പെടുന്നു.

ലളിതവും എളുപ്പത്തിൽ നടപ്പാക്കാൻ കഴിയുന്നതുമായ തിരഞ്ഞെടുപ്പുരീതിയാണ് കേവലഭൂരിപക്ഷവ്യവസ്ഥ. അതുകൊണ്ടുതന്നെ ലോകത്തെ ഭൂരിഭാഗം ജനാധിപത്യരാജ്യങ്ങളും കേവലഭൂരിപക്ഷ വ്യവസ്ഥയാണ് സ്വീകരിച്ചിരിക്കുന്നത്.

കേവലഭൂരിപക്ഷവ്യവസ്ഥയുടെ പ്രത്യേകതകൾ മനസ്സിലാക്കാൻ ക്ലാസിൽ ഒരു മാതൃകാ തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുക.




## ആനുപാതിക പ്രാതിനിധ്യവ്യവസ്ഥ

ഇന്ത്യയിൽ പരോക്ഷ തിരഞ്ഞെടുപ്പുരീതി പിന്തുടരുന്ന രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭാ തിരഞ്ഞെടുപ്പുകളിൽ ആനുപാതിക പ്രാതിനിധ്യവ്യവസ്ഥയാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളിൽനിന്ന് രാജ്യസഭയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് അതാത് സംസ്ഥാന നിയമസഭക

ളിലെ എം.എൽ.എമാരാണ്. സംസ്ഥാന നിയമനിർമാണസഭയിൽ ഓരോ രാഷ്ട്രീയപ്പാർട്ടിക്കുമുള്ള അംഗബലത്തിന് ആനുപാതികമായി അവർക്ക് രാജ്യ സഭാ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ സാധിക്കും.

## നിയോജകമണ്ഡലങ്ങൾ

കേരളത്തിലെ ലോകസഭാ മണ്ഡലങ്ങളുടെയും കാസർഗോഡ് ജില്ലയിൽപ്പെട്ട







മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിന്റെയും ഭൂപടമാണ് നൽകിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്നു ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന എം.പിമാരും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന എം.എൽ.എമാരും ഒരേ മണ്ഡലത്തെയാണോ പ്രതിനിധീകരിക്കുന്നത്? വ്യത്യസ്ത മണ്ഡലങ്ങളെയാണ് അവർ പ്രതിനിധീകരിക്കുന്നത്. ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് ഓരോ സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും ചെറിയ ഭൂപ്രദേശ മേഖലയായി തിരിച്ചിരിക്കുന്നു. ഈ ഭൂപ്രദേശ മേഖലകളാണ് നിയോജകമണ്ഡലങ്ങൾ. എല്ലാ നിയോജകമണ്ഡലത്തിലും ഏകദേശം തുല്യ ജനസംഖ്യയാണ് ഉണ്ടാവുക. ലോകസഭാ തിരഞ്ഞെടുപ്പിനുവേണ്ടി നമ്മുടെ രാജ്യത്തെ ജനസംഖ്യാനുപാതത്തിൽ 543 നിയോജകമണ്ഡലങ്ങളാക്കി തിരിച്ചിരിക്കുന്നു. ഒരു നിയോജകമണ്ഡലത്തിൽനിന്ന് ഒരു പ്രതിനിധിയെയാണ് തിരഞ്ഞെടുക്കുന്നത്. അതുപോലെ ഓരോ സംസ്ഥാനത്തും ജനസംഖ്യാനുപാതത്തിൽ നിയമസഭാമണ്ഡലങ്ങളുമുണ്ട്. കേരളസംസ്ഥാനത്ത് ഇപ്പോൾ 20 ലോകസഭാ മണ്ഡലങ്ങളും 140 നിയമസഭാ മണ്ഡലങ്ങളുമാണുള്ളത്.

**കേരളത്തിലെ നിലവിലെ ലോകസഭാ മണ്ഡലങ്ങളുടെ പേരുകൾ ഭൂപടം പരിശോധിച്ച് പട്ടികപ്പെടുത്തുക.**

## സംവരണമണ്ഡലങ്ങൾ

ലോകസഭ, നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കേവല ഭൂരിപക്ഷവ്യവസ്ഥ പിന്തുടരുന്നതിനാൽ പ്രബല വിഭാഗക്കാർ എല്ലാ മണ്ഡലങ്ങളിലും വിജയിക്കാൻ സാധ്യതയുണ്ട്. എന്നാൽ സമൂഹത്തിലെ ദുർബലരുടെയും അടിച്ചമർത്തപ്പെട്ട വിഭാഗക്കാരുടെയും പ്രാതിനിധ്യം ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ഉറപ്പുവരുത്തേണ്ടതില്ലേ? ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ഇത്തരം വിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനു

വേണ്ടിയാണ് ഭരണഘടനാ നിർമാതാക്കൾ സംവരണമണ്ഡലങ്ങൾ എന്ന തത്ത്വം നടപ്പിലാക്കിയത്. ഇതുപ്രകാരം ഇന്ത്യയിൽ പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ജന സംഖ്യാനുപാതികമായി സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു. സംവരണം ചെയ്ത മണ്ഡലങ്ങളിൽ ആ സമുദായത്തിൽപ്പെട്ടവർക്ക് മാത്രമേ മത്സരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ എല്ലാവിഭാഗം ജനങ്ങൾക്കും വോട്ട് ചെയ്യാൻ അവകാശമുണ്ടായിരിക്കും. ലോകസഭയിൽ 84 സീറ്റുകൾ പട്ടികജാതിക്കാർക്കും 47 സീറ്റുകൾ പട്ടികവർഗക്കാർക്കും ഇപ്പോൾ സംവരണം ചെയ്തിട്ടുണ്ട്.


പട്ടികജാതിക്കാർക്കും പട്ടികവർഗത്തിനും അനുവദിച്ച സംവരണം മറ്റു പിന്നാക്കവിഭാഗങ്ങൾക്കും സ്ത്രീകൾക്കും ഏർപ്പെടുത്തേണ്ടതുണ്ടോ? ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.



## സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ്

സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പുസംവിധാനം തിരഞ്ഞെടുപ്പു കളെ സുതാര്യവും നിഷ്പക്ഷവുമാക്കാൻ അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി ഇന്ത്യൻ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം, തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം, സ്വതന്ത്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മുതലായവ.

## സാർവത്രിക പ്രായപൂർത്തി വോട്ടവകാശം




തന്നിരിക്കുന്ന അറിയിപ്പ് വായിച്ചല്ലോ. ശ്രീമൂലം പ്രജാസഭാ തിരഞ്ഞെടുപ്പിലെ വോട്ടവകാശത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് അറിയിപ്പിൽനിന്നു ലഭിക്കുന്നത്?

- 
- 
- 

തിരുവിതാംകൂറിൽ മുമ്പ് നിലവിലുണ്ടായിരുന്ന വോട്ടവകാശത്തിന്റെ മാനദണ്ഡം പരിചയപ്പെട്ടല്ലോ. ഇന്ന് വോട്ടവകാശത്തിന്റെ മാനദണ്ഡം എന്താണ്? നമുക്ക് പരിശോധിക്കാം.



ചിത്രം നിരീക്ഷിക്കൂ. രാജ്യത്തെ വോട്ടർമാർ വോട്ടവകാശം വിനിയോഗിക്കാൻ കാത്തുനിൽക്കുകയാണ്. വോട്ട് ചെയ്ത് പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശമാണ് വോട്ടവകാശം. പ്രതിനിധികളെ തിരഞ്ഞെടുക്കുന്നവർ സമ്മതിദായകർ (Electors) എന്ന പേരിലറിയപ്പെടുന്നു. ജനാധിപത്യ ഭരണക്രമത്തിൽ പൗരന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ഏറ്റവും നല്ല മാർഗമാണ് വോട്ടവകാശം. ഇന്ന് ഇന്ത്യയിൽ വോട്ടവകാശം സാർവത്രികമാണ്.

ജാതി-മത-വർഗ-ഭാഷ-ലിംഗ-പ്രദേശ വ്യത്യാസങ്ങളില്ലാതെ പ്രായപൂർത്തിയായ എല്ലാവർക്കും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശമാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം. പതിനെട്ടു വയസ്സായ എല്ലാവർക്കും ഇന്ത്യയിൽ വോട്ടവകാശത്തിന് അർഹതയുണ്ട്.

### സാർവത്രിക പ്രായപൂർത്തി വോട്ടവകാശം

- 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതുമുതൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നു.
- ഭരണഘടന അനുഛേദം 326 സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തെ പരാമർശിക്കുന്നു.
- 1989 വരെ വോട്ടവകാശത്തിനുള്ള പ്രായം – 21 വയസ്സ് ആയിരുന്നു.
- 1989 ലെ 61 – ാം ഭരണഘടനാഭേദഗതി – വോട്ടിങ് പ്രായം 21 വയസ്സിൽനിന്നും 18 ആയി കുറച്ചു.

**സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ നിലവിലെ മാനദണ്ഡം മാറ്റേണ്ടതുണ്ടോ? പ്രസ്തുത വിഷയത്തെപ്പറ്റി ക്ലാസിലൊരു ചർച്ച സംഘടിപ്പിക്കൂ.**

### മാറുന്ന വോട്ടിങ് രീതികൾ



ആദ്യ പൊതു തിരഞ്ഞെടുപ്പുകാലത്തെ വോട്ടിങ് രീതിയിൽ ഇന്ന് പല മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. ഓരോ സ്ഥാനാർഥിയുടെയും പേരും തിരഞ്ഞെടുപ്പുചിഹ്നവും പ്രദർശിപ്പിച്ച പ്രത്യേക ബാലറ്റ്പെട്ടികൾ പോളിങ് ബൂത്തിൽ സജ്ജീകരിക്കുകയും സമ്മതിദായകർ തങ്ങൾക്ക് ലഭിക്കുന്ന എഴുതാത്ത ബാലറ്റ് പേപ്പർ ഇഷ്ടമുള്ള സ്ഥാനാർഥിയുടെ ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്ന വോട്ടിങ് രീതിയായിരുന്നു ആദ്യത്തെ രണ്ടു പൊതു തിരഞ്ഞെടുപ്പുകളിൽ പിന്തുടർന്നത്.

സമ്മതിദായകർ ഇഷ്ടപ്പെടുന്ന സ്ഥാനാർഥിക്ക് ബാലറ്റ്പേപ്പറിൽ വോട്ട് ചെയ്ത് പോളിങ് ബൂത്തിൽ സ്ഥാപിച്ച ബാലറ്റ്പെട്ടിയിൽ നിക്ഷേപിക്കുന്ന രീതിയാണ് രണ്ടാം പൊതുതിരഞ്ഞെടുപ്പിനുശേഷം സ്വീകരിച്ചത്.



1990 കളുടെ അവസാനത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ അവതരിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടന്നത്. ഇന്ന് രാജ്യത്ത് എല്ലായിടത്തും തിരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിക്കുന്നു.

## തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം

തിരഞ്ഞെടുപ്പിൽ മത്സരിക്കാനും ജനപ്രതിനിധിയാകാനും എല്ലാ പൗരന്മാർക്കും അവകാശമുണ്ട്. ജനപ്രാതിനിധ്യ നിയമമനുസരിച്ച് വോട്ടർ പട്ടികയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു ഇന്ത്യൻ പൗരനും മറ്റ് അയോഗ്യതകൾ കൽപ്പിച്ചിട്ടില്ലെങ്കിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാം. മത്സരിക്കുന്നതിന് കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. വിവിധ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനുള്ള പ്രായപരിധി പട്ടികയിൽ നിരീക്ഷിക്കൂ.

| തിരഞ്ഞെടുപ്പ് | പ്രായപരിധി |
|---|---|
| • രാഷ്ട്രപതി | 35 |
| • ഉപരാഷ്ട്രപതി | 35 |
| • രാജ്യസഭ | 30 |
| • ലോകസഭ | 25 |
| • സംസ്ഥാന നിയമസഭ | 25 |
| • പഞ്ചായത്തുകൾ | 21 |
| • നഗരസഭകൾ | 21 |

## സ്വതന്ത്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

ജനാധിപത്യം ഫലപ്രദമാകണമെങ്കിൽ തിരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നിഷ്പക്ഷവുമായിരിക്കണം. ഇത് സാധ്യമാകണമെങ്കിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരു സ്വതന്ത്ര സ്ഥാപനമായിരിക്കണം. ഇന്ത്യൻ ഭരണഘടന ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പ് കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.



*സുകുമാർ സെൻ*
*ആദ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ*

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ മൂന്നു പേർ അടങ്ങുന്ന ഒരു സമിതിയാണ്. ഒരു മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റു രണ്ടു കമ്മീഷണർമാരും. രാഷ്ട്രപതിയാണ് ഇവരെ നിയമിക്കുന്നത്. തിരഞ്ഞെടുപ്പു കമ്മീഷനെ സഹായിക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലും മുഖ്യ തിരഞ്ഞെടുപ്പുദ്യോഗസ്ഥരുണ്ട്. തിരഞ്ഞെടുപ്പ് നടത്താൻ വിപുലമായ ഉദ്യോഗസ്ഥവൃന്ദം തിരഞ്ഞെടുപ്പു കമ്മീഷനില്ല. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പുജോലികൾക്ക് നിയമിക്കുന്നു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭ, ലോകസഭ, സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനാണ്.




*ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസ്*




### സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

പഞ്ചായത്ത്-നഗരഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് നേതൃത്വം വഹിക്കുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. 73,74 ഭരണഘടനാ ഭേദഗതിയിലൂടെ എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുകയുണ്ടായി.

തന്നിരിക്കുന്ന കൊളാഷ് ശ്രദ്ധിക്കൂ. തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സൂചനകളാണിത്. ഇവ പരിശോധിച്ച് തിരഞ്ഞെടുപ്പു പ്രക്രിയയിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ വഹിക്കുന്ന ചുമതലകൾ ക്ലാസിൽ ചർച്ച നടത്തി കുറിപ്പ് തയാറാക്കൂ. നിങ്ങളുടെ കണ്ടെത്തലുകൾ താഴെക്കൊടുത്ത തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകളുമായി ബന്ധപ്പെടുത്തി വിശകലനം നടത്തൂ.

## തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ

- തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കൽ
- വോട്ടർപട്ടിക തയാറാക്കൽ
- തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങളുടെ തീയതി പ്രഖ്യാപിക്കൽ
- തിരഞ്ഞെടുപ്പുചിഹ്നങ്ങൾ അനുവദിക്കൽ
- പെരുമാറ്റച്ചട്ടം രൂപീകരിക്കൽ
- തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നിയമനവും പരിശീലനവും
- വോട്ടിങ്, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം
- തിരഞ്ഞെടുപ്പ് കണക്കുകൾ പരിശോധിക്കൽ

വോട്ടർപട്ടികയിൽ പേരു ചേർക്കൽ, നീക്കം ചെയ്യൽ തുടങ്ങിയ നടപടിക്രമങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിന് നിങ്ങളുടെ പ്രദേശത്തെ ബി.എൽ.ഒയെ (ബൂത്ത് ലെവൽ ഓഫീസർ) സമീപിച്ച് വിവരം ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കൂ.

## ഇന്ത്യയിലെ തിരഞ്ഞെടുപ്പുപ്രക്രിയയിലെ അനഭിലഷണീയ പ്രവണതകൾ

തിരഞ്ഞെടുപ്പുപ്രക്രിയ സ്വതന്ത്രവും നീതിപൂർവവുമാക്കാനായി നാം സ്വീകരിച്ച നടപടിക്രമങ്ങളെക്കുറിച്ച് മനസ്സിലാക്കിയല്ലോ. ഒരു തിരഞ്ഞെടുപ്പുസമ്പ്രദായത്തിനും പൂർണമായും ന്യൂനതകളിൽനിന്ന് മുക്തമായിരിക്കാൻ സാധ്യമല്ല. ഇന്ത്യൻ തിരഞ്ഞെടുപ്പു പ്രക്രിയയിലും ചില അനഭിലഷണീയ പ്രവണതകളുണ്ട്. താഴെ കൊടുത്ത ചാർട്ട് പരിശോധിക്കൂ.

**പണത്തിന്റെ സ്വാധീനം**
- തിരഞ്ഞെടുപ്പിൽ വോട്ടർമാരെ പണംകൊടുത്ത് സ്വാധീനിക്കുന്നു.
- തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനത്തിന് രാഷ്ട്രീയപ്പാർട്ടികൾ അമിതമായി പണം ചെലവഴിക്കുന്നു.

**തിരഞ്ഞെടുപ്പിനോടനുബന്ധിച്ച അതിക്രമങ്ങൾ**
- പോളിങ് ദിനത്തിലുണ്ടാകുന്ന അതിക്രമങ്ങൾ
- തിരഞ്ഞെടുപ്പിലെ കള്ളവോട്ടും ബൂത്ത് പിടിത്തവും

**ജാതിമതവിഭാഗങ്ങളുടെ സ്വാധീനം**
- സ്ഥാനാർഥിനിർണയത്തിൽ ജാതിമത പരിഗണനകൾ സ്വാധീനം ചെലുത്തുന്നു.

**സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്**
- സ്ഥാനാർഥിനിർണയത്തിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല.
- പാർലമെന്റിലും നിയമസഭകളിലും സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്.

തിരഞ്ഞെടുപ്പുസമയത്തെ പത്രവാർത്തകൾ ശേഖരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയയിലെ അനഭിലഷണീയ പ്രവണതകളെപറ്റി കുറിപ്പ് തയാറാക്കൂ.

## തിരഞ്ഞെടുപ്പു പരിഷ്കാരങ്ങൾ

തിരഞ്ഞെടുപ്പു പ്രക്രിയയിലെ ന്യൂനതകളാണ് തിരഞ്ഞെടുപ്പു പരിഷ്കാരങ്ങൾ അനിവാര്യമാക്കുന്നത്. തിരഞ്ഞെടുപ്പു സമ്പ്രദായം എങ്ങനെ പരിഷ്കരിക്കാൻ സാധിക്കും? തിരഞ്ഞെടുപ്പു സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി തിരഞ്ഞെടുപ്പു കമ്മീഷൻ നടപ്പിലാക്കിയ ചില പരിഷ്കാരങ്ങൾ താഴെ കൊടുക്കുന്നു.

- സമ്മതിദായകരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി.
- സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പുചെലവിന്റെ പരിധി നിശ്ചയിച്ചു.
- രാഷ്ട്രീയപ്പാർട്ടിക്കും സ്ഥാനാർഥികൾക്കുമുള്ള പെരുമാറ്റച്ചട്ടം നടപ്പിലാക്കി.

- തിരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ നടപ്പിലാക്കി.
- സമ്മതിദായകരുടെ ഫോട്ടോ പതിച്ച വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.
- നിഷേധവോട്ട് സമ്പ്രദായം നടപ്പിലാക്കി.
- ബാലറ്റിൽ സ്ഥാനാർഥികളുടെ ചിത്രം ഉൾപ്പെടുത്തി.

### നിഷേധവോട്ട്

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർഥികളെയും തിരസ്കരിക്കാൻ വോട്ടർമാർക്ക് അവകാശം നൽകുന്ന നിഷേധവോട്ട് ഇന്ത്യയിൽ നടപ്പിലായി. ഇലക്ട്രോണിക് വോട്ടിങ് മെഷീനിൽ സ്ഥാനാർഥികളുടെ പേരിന് അവസാനമായി ഉൾപ്പെടുത്തിയ NOTA (None of the Above) ബട്ടൺ അമർത്തി നിഷേധവോട്ട് രേഖപ്പെടുത്താം.

### ബാലറ്റ് പേപ്പറിൽ സ്ഥാനാർഥിയുടെ ചിത്രം

ബാലറ്റ് പേപ്പറിൽ സ്ഥാനാർഥിയുടെ പേരിനും ചിഹ്നത്തിനുമൊപ്പം ചിത്രംകൂടി പ്രദർശിപ്പിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. സ്ഥാനാർഥികൾക്കെതിരെ അതേ പേരുള്ള അപരന്മാർ വ്യാപകമായതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇങ്ങനെ തീരുമാനിച്ചത്. നിരക്ഷരരായ വോട്ടർമാർക്കുപോലും അവരുടെ വോട്ടവകാശം ശരിയായി വിനിയോഗിക്കാൻ ഇത് സഹായകമാവും.

തിരഞ്ഞെടുപ്പു പരിഷ്കരണത്തിനുള്ള കൂടുതൽ ക്രിയാത്മകമായ നിർദേശങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൂ.

## തിരഞ്ഞെടുപ്പും രാഷ്ട്രീയപ്പാർട്ടികളും

ഇന്ത്യയിൽ നിരവധി രാഷ്ട്രീയപ്പാർട്ടികൾ പ്രവർത്തിക്കുന്നുണ്ട്. ജനാധിപത്യപ്രക്രിയയുടെ അവിഭാജ്യഘടകമാണ് രാഷ്ട്രീയപ്പാർട്ടികൾ. എന്താണ് രാഷ്ട്രീയപ്പാർട്ടികൾ? ഒരു പ്രത്യയശാസ്ത്ര കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുകയും രാഷ്ട്രീയാധികാരം നേടുന്നതിനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകളാണ് രാഷ്ട്രീയപ്പാർട്ടികൾ. അവയുടെ പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

- ഗവൺമെന്റിനെയും ജനങ്ങളെയും ബന്ധിപ്പിക്കുന്നു.
- പൊതുജനാഭിപ്രായം രൂപീകരിക്കുന്നു.
- രാഷ്ട്രീയബോധവൽക്കരണം നടത്തുന്നു.
- തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടികൾ ഗവൺമെന്റ് രൂപീകരിക്കുന്നു.
- തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭൂരിപക്ഷം ലഭിക്കാത്ത പാർട്ടികൾ ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നു.

### തിരഞ്ഞെടുപ്പ് പ്രകടനപത്രിക

ഓരോ രാഷ്ട്രീയപ്പാർട്ടിയും തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് പ്രകടനപത്രിക (Election manifesto) പുറത്തിറക്കാറുണ്ട്. പാർട്ടിയുടെ പ്രാദേശിക, ദേശീയ, അന്തർദേശീയ വിഷയങ്ങളിലെ നിലപാടുകളും അധികാരത്തിൽ വന്നാൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളും പദ്ധതികളും ഉൾപ്പെടുത്തിയ ലഘുലേഖയാണിത്.

- ഗവൺമെന്റിന്റെ തെറ്റായ നയങ്ങളിൽ മാറ്റം വരുത്തുന്നതിനു പ്രവർത്തിക്കുന്നു.
- വിവിധ നയങ്ങളും പരിപാടികളും മുന്നോട്ടുവയ്ക്കുന്നു.

ജനാധിപത്യപ്രക്രിയയിൽ ഏതു വ്യക്തിക്കും രാഷ്ട്രീയപ്പാർട്ടികൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.



ഇന്ത്യയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രധാന രാഷ്ട്രീയപാർട്ടികളുടെ പട്ടിക തയാറാക്കുക.

**ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾ**

| ദേശീയ പാർട്ടികൾ | സംസ്ഥാന പാർട്ടികൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |

നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ രാഷ്ട്രീയപ്പാർട്ടികളും തിരഞ്ഞെടുപ്പു കമ്മീഷനിൽ രജിസ്റ്റർ ചെയ്യണം. ദേശീയ പാർട്ടികളും സംസ്ഥാന/പ്രാദേശിക പാർട്ടികളും ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു രാഷ്ട്രീയപ്പാർട്ടിയെ ദേശീയ പാർട്ടിയായോ സംസ്ഥാന പാർട്ടിയായോ അംഗീകരിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേകം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

പൊതുവെ ദേശവ്യാപകമായി പ്രവർത്തിക്കുകയും ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ സ്വാധീനമുണ്ടാക്കുകയും ചെയ്യുന്നവയാണ് ദേശീയ പാർട്ടികൾ. എന്നാൽ ഒരു സംസ്ഥാനത്തുമാത്രം സ്വാധീനമുള്ള രാഷ്ട്രീയപ്പാർട്ടികളാണ് സംസ്ഥാന പാർട്ടികൾ. ദേശീയ-സംസ്ഥാന പാർട്ടികൾക്ക് നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത ധാരാളം പാർട്ടികൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്ത പാർട്ടികളായതിനാൽ ഇവയെ രജിസ്ട്രേഡ് പാർട്ടികൾ എന്നു വിളിക്കുന്നു.

**ദേശീയ പാർട്ടികൾ**



ഒരു രാഷ്ട്രീയപ്പാർട്ടിയെ ദേശീയ പാർട്ടിയായി അംഗീകരിക്കണമെങ്കിൽ ആ പാർട്ടി ലോകസഭാ തിരഞ്ഞെടുപ്പിൽ പോൾ ചെയ്ത ആകെ വോട്ടിന്റെ ആറുശതമാനമെങ്കിലും നാലോ അതിലധികമോ സംസ്ഥാനങ്ങളിൽ നിന്നായി നേടിയിരിക്കണം. കൂടാതെ ഒന്നോ അതിലധികമോ സംസ്ഥാനങ്ങളിൽ നിന്നായി നാല് ലോകസഭാ സീറ്റും ലഭിച്ചിരിക്കണം.

**സംസ്ഥാന പാർട്ടികൾ**



ഒരു പാർട്ടിയെ സംസ്ഥാന പാർട്ടിയായി പരിഗണിക്കണമെങ്കിൽ ആ പാർട്ടിക്ക് സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ ആറുശതമാനം വോട്ടും രണ്ട് സീറ്റും ലഭിച്ചിരിക്കണം.

## മുന്നണിരാഷ്ട്രീയവും തിരഞ്ഞെടുപ്പും

**ലോകസഭാ തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനമായി: കേന്ദ്രത്തിലെ പ്രധാന മുന്നണികൾ പ്രതീക്ഷയോടെ**

ദില്ലി : പതിനാറാം ലോകസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. കേന്ദ്രത്തിലെ പ്രധാന മുന്നണികൾ വളരെ പ്രതീക്ഷയോടെയാണ് ഈ തിരഞ്ഞെടുപ്പിനെ സമീപിക്കുന്നത്.

നൽകിയിരിക്കുന്ന വാർത്ത നിരീക്ഷിക്കൂ. കേന്ദ്രത്തിലും പല സംസ്ഥാന ങ്ങളിലും രാഷ്ട്രീയപ്പാർട്ടികൾ മുന്നണികൾ രൂപീകരിച്ചുകൊണ്ടാണ് ഇന്ന് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. മുന്നണിരാഷ്ട്രീയം എന്താണെന്ന് നമുക്ക് പരിശോധിക്കാം. തിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയകക്ഷിക്കും ഒറ്റയ്ക്ക് ഭൂരി പക്ഷം ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യങ്ങളുണ്ടാകാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ പരസ്പരം സഹകരിക്കാൻ കഴിയുന്ന രാഷ്ട്രീയകക്ഷികൾ ഒരു പൊതു മിനിമംപരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു ചേർന്ന് മുന്നണി രൂപീകരിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ട്. ഇതാണ് മുന്നണിരാഷ്ട്രീയം (Coalition Politics). ഇത്തരം മുന്നണികൾ വിജയിച്ച് അധികാരത്തിൽ വരുമ്പോൾ രൂപീകരിക്കുന്ന സർക്കാരുകളാണ് മുന്നണിസർക്കാരുകൾ (Coalition Governments).


മറ്റു സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമായി മുന്നണിരാഷ്ട്രീയം പ്രായോ ഗികമാക്കിയ ഒരു സംസ്ഥാനമാണ് കേരളം. 1960 കളിലാണ് കേരള സംസ്ഥാനത്ത് ആദ്യമായി മുന്നണിസർക്കാർ അധികാരത്തിൽ വന്നത്. അതിനുശേഷം കേര ളത്തിൽ അധികാരത്തിൽ വന്ന സർക്കാരുകളിൽ ഭൂരിഭാഗവും മുന്നണിസർക്കാ രുകളാണ്. ഇന്ന് കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും മുന്നണിസർക്കാ രുകളാണ് നിലനിൽക്കുന്നത്.

## തിരഞ്ഞെടുപ്പു പ്രവചനശാസ്ത്രം(Psephology)

തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുമുമ്പ് രാഷ്ട്രീയപ്പാർട്ടികളുടെയും മുന്നണികളുടെയും വിജയസാധ്യത പരിശോധിച്ച് പ്രവചിക്കുന്ന പഠന ശാഖയാണ് തിരഞ്ഞെടുപ്പു പ്രവചനശാസ്ത്രം (Psephology). അഭിപ്രായ സർവേകൾ, മാധ്യമവിശകലനങ്ങൾ, അഭിമുഖങ്ങൾ, എക്സിറ്റ്പോൾ, മുൻ തിരഞ്ഞെടുപ്പുഫലങ്ങൾ എന്നിവ മുൻനിർത്തിയാണ് ഫലങ്ങൾ പ്രവചിക്കാറുള്ളത്. രാഷ്ട്രീയകക്ഷികൾക്ക് അനുകൂലമായോ പ്രതികൂലമായോ ഉള്ള പൊതുജനാഭിപ്രായം പ്രവചനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും. തിരഞ്ഞെടുപ്പുപ്രവചനങ്ങൾ പലപ്പോഴും പൂർണമായി ശരിയാ യിക്കൊള്ളണമെന്നില്ല. പ്രവചനം നടത്തുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

ഇന്ത്യയിലെ തിരഞ്ഞെടുപ്പുസംവിധാനത്തിന്റെ പ്രത്യേകതകൾ പരിചയപ്പെട്ട ല്ലോ. ഇതുവരെ വിശകലനം ചെയ്തതിൽ നിന്ന് സ്വതന്ത്രവും നിഷ്പക്ഷവു മായ തിരഞ്ഞെടുപ്പ് കമ്മീഷൻ, കൃത്യമായ ഇടവേളകളിൽ നടത്തപ്പെടുന്ന തിര ഞ്ഞെടുപ്പ്, സാർവത്രിക പ്രായപൂർത്തി വോട്ടവകാശം, ഭരണാധികാരികളെ തിരഞ്ഞെടുക്കാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യം എന്നിവ ഇന്ത്യൻ ജനാധിപ ത്യത്തെ ശക്തിപ്പെടുത്താൻ സഹായിച്ചിട്ടുണ്ടെന്ന് അനുമാനിക്കാം. ഇതോടൊപ്പം തന്നെ ജനങ്ങളുടെ ഉയർന്ന രാഷ്ട്രീയ അവബോധവും

യുക്തിസഹമായ തീരുമാനങ്ങളെടുക്കാനുള്ള കഴിവും സജീവ രാഷ്ട്രീയപങ്കാളിത്തവും ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ സഹായിക്കും. എങ്കിൽ മാത്രമേ ജനാധിപത്യം അർഥവത്താവുകയുള്ളൂ.






## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം വിശദീകരിക്കുന്നു.
- ഇന്ത്യയിലെ തിരഞ്ഞെടുപ്പുരീതികൾ വിശകലനം ചെയ്യുന്നു.
- തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ പട്ടികപ്പെടുത്തുന്നു.
- തിരഞ്ഞെടുപ്പു ന്യൂനതകൾ പരിശോധിച്ച് പരിഷ്കാരങ്ങൾ നിർദേശിക്കുന്നു.
- രാഷ്ട്രീയപ്പാർട്ടികളുടെ ചുമതലകൾ പട്ടികപ്പെടുത്തുന്നു.
- തിരഞ്ഞെടുപ്പു പ്രവചനശാസ്ത്രം വിശദീകരിക്കുന്നു.

## വിലയിരുത്താം

- താഴെ പറയുന്ന പ്രസ്താവനകളിൽ പ്രായപൂർത്തി വോട്ടവകാശവുമായി യോജിക്കുന്നതേത്?
  എ. രാജ്യത്തെ അടിസ്ഥാനവിദ്യാഭ്യാസമുള്ള എല്ലാവർക്കും വോട്ടവകാശമുണ്ട്.
  ബി. രാജ്യത്ത് പ്രായപൂർത്തിയായ എല്ലാവർക്കും ജാതി-മത-ഭാഷ-ലിംഗ വ്യത്യാസമില്ലാതെ വോട്ടവകാശമുണ്ട്.
  സി. രാജ്യത്തെ പ്രായപൂർത്തിയായ എല്ലാ പുരുഷന്മാർക്കും വോട്ടവകാശമുണ്ട്.
  ഡി. രാജ്യത്തെ വരുമാനനികുതി അടയ്ക്കുന്ന എല്ലാവർക്കും വോട്ടവകാശമുണ്ട്.
- ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം വ്യക്തമാക്കുക.
- പ്രത്യക്ഷ-പരോക്ഷ തിരഞ്ഞെടുപ്പുകൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ഉദാഹരണങ്ങൾ കണ്ടെത്തുക.
- തിരഞ്ഞെടുപ്പ് കമ്മീഷന് വിപുലമായ ചുമതലകളുണ്ട്-ഈ പ്രസ്താവനയെ സാധൂകരിക്കുക.
- ഇന്ത്യൻ തിരഞ്ഞെടുപ്പു സംവിധാനത്തിന് ന്യൂനതകളുണ്ട്. അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കുക.
- തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികൾക്ക് ചിഹ്നം അനുവദിക്കുന്നത് ആരാണ്?
  എ. ഗവൺമെന്റ്  ബി. രാഷ്ട്രീയപ്പാർട്ടികൾ
  സി. തിരഞ്ഞെടുപ്പ് കമ്മീഷൻ  ഡി. ജില്ലാ കലക്ടർ
- ഇന്ത്യയിൽ വിവിധ പ്രാതിനിധ്യസ്ഥാപനങ്ങളിലേക്കു മത്സരിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി എത്രയാണ്?
- എന്താണ് തിരഞ്ഞെടുപ്പു പ്രവചനശാസ്ത്രം?

## തുടർപ്രവർത്തനങ്ങൾ

- ലോകസഭ/നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഭാഗമായി പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും വന്ന വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് തിരഞ്ഞെടുപ്പ് മാഗസിൻ തയാറാക്കുക.
- രാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തനം നിരീക്ഷിച്ച് ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയപ്പാർട്ടികൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് കുറിപ്പ് തയാറാക്കുക.



അധ്യായം

09



# നല്ല നാളെയ്ക്കായി



1993 മാർച്ച് 26 ന് 'ന്യൂയോർക്ക് ടൈംസ്' പ്രസിദ്ധീകരിച്ച ചിത്രമാണിത്. ആഫ്രിക്കൻ രാജ്യമായ സുഡാന്റെ തെക്കൻ പ്രദേശത്ത് പട്ടിണിമൂലം വിശന്നുവീണ ഒരു കുട്ടിയും കുട്ടിയെ ഭക്ഷണമാക്കാൻ കാത്തുനിൽക്കുന്ന കഴുകനുമാണ് ചിത്രത്തിലുള്ളത്. കെവിൻ കാർട്ടർ എന്ന വിഖ്യാത ഫോട്ടോഗ്രാഫറാണ് ഇതു പകർത്തിയത്. ഈ ചിത്രം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

ലോകം നേരിട്ടുകൊണ്ടിരിക്കുന്ന സാമൂഹികപ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ദാരിദ്ര്യത്തെയാണിതു സൂചിപ്പിക്കുന്നത്. ദാരിദ്ര്യത്തിനു പുറമെ മറ്റനേകം സാമൂഹികപ്രശ്നങ്ങളും നമുക്ക് ചുറ്റും കാണാൻ കഴിയും. ഇത്തരത്തിൽ സമൂഹം നേരിടുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളാണ് ഈ പാഠഭാഗത്ത് ചർച്ചചെയ്യുന്നത്.

## സാമൂഹികപ്രശ്നങ്ങളും പരിഹാരവും

സമൂഹത്തിലെ എല്ലാവരെയും നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന പ്രശ്നങ്ങളെയാണ് സാമൂഹികപ്രശ്നമായി കണക്കാക്കുന്നത്. വ്യക്തികളുടെ പ്രശ്നമോ പൊതുവായ പ്രശ്നമോ സമൂഹത്തെ ബാധിക്കുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്യുമ്പോൾ അത് സാമൂഹികപ്രശ്നമായി മാറുന്നു. സാമൂഹികപ്രശ്നത്തെ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ ചില സമൂഹശാസ്ത്രജ്ഞരുടെ നിർവചനങ്ങൾ പരിശോധിക്കാം.

> **സാമൂഹികക്രമത്തിൽ ഒഴിച്ചുകൂടാനാവാത്തതെന്ന് പൊതുവിൽ അംഗീകരിക്കപ്പെടുന്ന പെരുമാറ്റരീതികളുടെയും സാമൂഹികനിയമങ്ങളുടെയും ലംഘനമാണ് സാമൂഹികപ്രശ്നം.**
>
> **റോബർട്ട് മെർട്ടൻ & റോബർട്ട് നിസ്ബെറ്റ്**

> **സമൂഹത്തിന്റെ സഹിഷ്ണുതാപരമായ നിലനിൽപ്പ് ഇല്ലാതാക്കുന്ന തരത്തിലുള്ള വ്യക്തികളുടെ സ്വഭാവവ്യതിചലനത്തെയാണ് സാമൂഹികപ്രശ്നമായി കണക്കാക്കുന്നത്.**
>
> **ലെൻബേർഗ്**

മുകളിൽ നൽകിയിട്ടുള്ള നിർവചനങ്ങൾ പരിശോധിച്ച് സാമൂഹികപ്രശ്നങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് എന്തെല്ലാം നിഗമനങ്ങൾ രൂപീകരിക്കാൻ കഴിയും?

- സമൂഹത്തിലെ പൊതു പെരുമാറ്റരീതികളുടെ ലംഘനം.
- സാമൂഹികനിയമങ്ങളുടെ നിഷേധം.
- സമൂഹത്തിന്റെ നിലനിൽപ്പിന് ഭീഷണി.
- 
- 



മാധ്യമങ്ങളിലെ ദൈനംദിന വാർത്തകൾ പരിശോധിച്ച് വിവിധ സാമൂഹികപ്രശ്നങ്ങൾ കണ്ടെത്തി കുറിപ്പാക്കുക.

ഇന്നത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

- ദാരിദ്ര്യം
- പാർപ്പിടപ്രശ്നം

- വൃദ്ധജനങ്ങളുടെ അനാഥത്വം
- കൗമാര കുറ്റകൃത്യങ്ങൾ
- 
- 
- 
- 



താഴെ കൊടുത്തിരിക്കുന്ന പ്രശ്നങ്ങൾ സാമൂഹികപ്രശ്നമാണോ എന്നു പട്ടികയിൽ തന്നിട്ടുള്ള സൂചനകളുടെ സഹായത്താൽ വിലയിരുത്തുക.

| സാമൂഹികപ്രശ്നങ്ങൾ | സാമൂഹിക സമാധാനം തകരുന്നു | സാമൂഹിക നിയമം ലംഘിക്കുന്നു | വ്യക്തി ജീവിതം താറുമാറാകുന്നു | സാമൂഹിക സുരക്ഷിതത്വം ഇല്ലാതാവുന്നു | ദീർഘകാലം സമൂഹത്തിൽ നിലനിൽക്കുന്നു |
|---|---|---|---|---|---|
| • ദാരിദ്ര്യം | | | | | |
| • തൊഴിലില്ലായ്മ | | | | | |
| • പാർപ്പിടപ്രശ്നം | | | | | |
| • വൃദ്ധജനങ്ങളുടെ അനാഥത്വം | | | | | |
| • സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ | | | | | |
| • ലഹരിപദാർഥങ്ങളുടെ ഉപയോഗം | | | | | |
| • കൗമാര കുറ്റകൃത്യങ്ങൾ | | | | | |
| • സൈബർ കുറ്റകൃത്യങ്ങൾ | | | | | |
| • കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ | | | | | |

## ദാരിദ്ര്യം



ജീവിതം, ആരോഗ്യം, കാര്യക്ഷമത എന്നിവയ്ക്ക് വേണ്ട ഏറ്റവും കുറഞ്ഞ ഉപഭോഗവസ്തുക്കൾ നേടുന്നതിനുള്ള കഴിവില്ലായ്മയാണ് ദാരിദ്ര്യം. ലോകബാങ്കിന്റെ 2015 ലെ കണക്കുകൾ പ്രകാരം 702 ദശലക്ഷം മനുഷ്യർ ലോകത്ത് ദരിദ്രരാണ്. ദാരിദ്ര്യം ഇന്ത്യയിൽ മാത്രമല്ല, ലോകത്ത് മുഴുവൻ ഒരു സാമൂഹികപ്രശ്നമാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് വികസ്വര രാജ്യങ്ങളിൽ അഞ്ചിൽ ഒരാൾ ജീവിക്കുന്നത് ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ആസൂത്രണ കമ്മീഷന്റെ

കണക്കുകൾ പ്രകാരം ഇന്ത്യയിൽ 22% ജനങ്ങൾ ദാരിദ്ര്യത്തിന്റെ കഷ്ടതകൾ അനുഭവിക്കുന്നവരാണ്.

നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ രേഖകൾ പരിശോധിച്ച് അവിടെ എത്ര ശതമാനം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കണ്ടെത്തുക.

## തൊഴിലില്ലായ്മ



തൊഴിലില്ലായ്മ എന്നത് ദാരിദ്ര്യവുമായി ബന്ധപ്പെട്ട സാമൂഹികപ്രശ്നമാണ്. ജനങ്ങളിൽ ഒരു വിഭാഗം ജീവിക്കാൻ വേണ്ടി ഏതെങ്കിലും തരത്തിലുള്ള തൊഴിൽ കണ്ടെത്തുമ്പോൾ ലോകത്ത് വലിയൊരു വിഭാഗം ജനങ്ങൾ അതിന് കഴിയാത്തവരാണ്. പണിയെടുക്കാനുള്ള ശാരീരികവും മാനസികവുമായ കഴിവും അതിനുള്ള പ്രായവും സമ്മതവും ഉണ്ടായിരുന്നിട്ടും ജോലി ലഭിക്കാത്ത അവസ്ഥയാണ് തൊഴിലില്ലായ്മ. തൊഴിലില്ലായ്മയുടെ പ്രത്യാഘാതങ്ങൾ നിങ്ങളുടെ പ്രദേശത്തും കാണാനാവും. അന്യസംസ്ഥാനങ്ങളിൽനിന്ന് എത്രപേരാണ് തൊഴിൽ തേടി കേരളത്തിലേക്ക് എത്തുന്നത്!

ദാരിദ്ര്യം തൊഴിലില്ലായ്മയ്ക്ക് കാരണമാകുന്നതെങ്ങനെ?

## പാർപ്പിടപ്രശ്നം

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണല്ലോ പാർപ്പിടം. പാർപ്പിടത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. പാർപ്പിടമില്ലായ്മ ഇന്ത്യ നേരിടുന്ന പ്രധാനപ്പെട്ട സാമൂഹികപ്രശ്നമാണ്. ഒരു വ്യക്തിക്കും കുടുംബത്തിനും ആരോഗ്യകരമായ രീതിയിൽ ജീവിതം നയിക്കാനാവശ്യമായ ഒരു വീടുണ്ടാവുക എന്നത് പൗരന്റെ അവകാശത്തിൽപ്പെടുന്നു. സുരക്ഷിതത്വവും അനുയോജ്യവുമായ വാസസ്ഥലം കരസ്ഥമാക്കാനോ നിലനിർത്താനോ കഴിയാത്ത അവസ്ഥയാണ് പാർപ്പിടമില്ലായ്മ.



പാർപ്പിടങ്ങളുടെ നിർമാണം ഇന്ന് ഒരു ആർഭാടമായി മാറുന്നുണ്ടോ? ചർച്ച ചെയ്യുക.

## വൃദ്ധജനങ്ങളുടെ അനാഥത്വം




നമ്മുടെ നാട്ടിൽ അനാഥരായ വൃദ്ധജനങ്ങളുടെ എണ്ണം കൂടിവരുകയാണ്. അണുകുടുംബങ്ങളുടെ വർധനവും മെച്ചപ്പെട്ട സൗകര്യങ്ങൾ തേടി നഗരങ്ങളിലേക്കുള്ള താമസം മാറലും കാരണം വൃദ്ധജനങ്ങൾക്ക് മുമ്പ് ലഭിച്ചിരുന്ന പരിചരണമോ പരിഗണനയോ ലഭിക്കാതെ വരുന്നു. ഇത് അവരുടെ അനാഥത്വത്തിന് കാരണമാകുന്നു. സ്നേഹമില്ലായ്മ, അംഗീകാരമില്ലായ്മ, ഒറ്റപ്പെടൽ, അനിശ്ചിതത്വബോധം, സാമ്പത്തികപ്രതിസന്ധി, ആരോഗ്യപ്രശ്നങ്ങൾ, മാനസികപിരിമുറുക്കം തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവരാണ് വൃദ്ധർ. ഇത് അവരിൽ പലവിധ ആന്തരിക സംഘർഷങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ അനാഥത്വം സമീപകാലത്ത് ഒരു പൊതുപ്രശ്നമായി വളരുകയാണ്. ഇതുകൊണ്ടാണ് വൃദ്ധസദനങ്ങൾ നമ്മുടെ നാട്ടിൽ വർധിച്ചുവരുന്നത്.

വൃദ്ധജനങ്ങളെ നിങ്ങൾക്കും സഹായിക്കാൻ കഴിയും. അതിനായി താഴെ പറയുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യാറുണ്ടോ?



| | ഉണ്ട് | ഇല്ല | ചിലപ്പോൾ മാത്രം |
|---|---|---|---|
| മുതിർന്ന വ്യക്തികളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്ക് സഹായങ്ങൾ നൽകാറുണ്ടോ? | | | |
| ബസ്സുകളിൽ മുതിർന്ന പൗരന്മാർക്ക് നിങ്ങൾ ഇരിപ്പിടം ഒഴിഞ്ഞുകൊടുക്കാറുണ്ടോ? | | | |
| ക്യൂ നിൽക്കുമ്പോൾ മുതിർന്ന പൗരന്മാർക്ക് നിങ്ങൾ പരിഗണന നൽകാറുണ്ടോ? | | | |
| ബസ്സിലോ ട്രെയിനിലോ കയറുമ്പോൾ മുതിർന്ന പൗരന്മാരെ സഹായിക്കാറുണ്ടോ? | | | |
| കുടുംബത്തിലോ അയൽപക്കത്തോ ഉള്ള വൃദ്ധജനങ്ങളെ സന്ദർശിച്ച് അവരുമായി സംസാരിച്ചിരിക്കാറുണ്ടോ? | | | |
| വൃദ്ധസദനങ്ങൾ സന്ദർശിക്കാറുണ്ടോ? | | | |
| സ്കൂളിൽ വയോജനദിനം ആചരിക്കാറുണ്ടോ? | | | |

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും ഒരു വലിയ സാമൂഹികപ്രശ്നമാണ്. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്?

- സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ.
- വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കൽ.
- ഒരേ ജോലിക്ക് വ്യത്യസ്ത കൂലി.
- കഴിവു തെളിയിക്കാനുള്ള അവസരം നിഷേധിക്കൽ.
- പൊതുരംഗത്തുനിന്നു മാറ്റിനിർത്തൽ.
- 
- 




കേരള വനിതാ കമ്മീഷൻ ഓഫീസ്


സ്ത്രീകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൂ.

## ലഹരിപദാർഥങ്ങളുടെ ഉപയോഗം

ലഹരിപദാർഥങ്ങളുടെ ഉപയോഗം സമൂഹത്തിൽ വർധിച്ചുവരുകയാണ്. പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർഥങ്ങൾ ആദ്യമൊക്കെ നിയന്ത്രിച്ച് ഉപയോഗിക്കാമെന്ന് കരുതുന്നവർ വൈകാതെ അതിന് കീഴടങ്ങും. ക്രമേണ ലഹരിയുടെ അടിമകളായിത്തീരുകയും ചെയ്യുന്നു. വ്യക്തികളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനോടൊപ്പം കുടുംബശൈഥില്യത്തിനും സാമൂഹികമായ ഒറ്റപ്പെടലിനും ലഹരിയുടെ ഉപയോഗം കാരണമായിത്തീരുന്നു. ലഹരിപദാർഥങ്ങളോടുള്ള അഭിനിവേശം ഒരു രോഗമാണ്.




ലഹരിപദാർഥങ്ങളുടെ ഉപയോഗം വ്യക്തിയെ മാത്രമല്ല, സമൂഹത്തെ ഒന്നടങ്കം ബാധിക്കുന്നുവെന്ന് മനസ്സിലായല്ലോ. അതിനാൽ ലഹരിപദാർഥങ്ങളുടെ ഉപയോഗം ഒരു സാമൂഹികപ്രശ്നമായി കണക്കാക്കാൻ കഴിയും.

**ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?**



സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പോസ്റ്ററുകൾ തയാറാക്കി സ്കൂളിലും പരിസരപ്രദേശങ്ങളിലും പ്രദർശിപ്പിക്കുക.



## കൗമാരകുറ്റകൃത്യങ്ങൾ

കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങളും ഇന്ന് വലിയ സാമൂഹികപ്രശ്നമായി മാറിയിരിക്കുകയാണ്. 18 വയസ്സിനു താഴെയുള്ള കുട്ടികൾ ചെയ്യുന്ന കുറ്റകൃത്യങ്ങളെ കൗമാരകുറ്റകൃത്യങ്ങളായാണ് കണക്കാക്കുന്നത്. ഇവർ കൗമാര കുറ്റാരോപിതർ (Juvenile Offenders) എന്നാണറിയപ്പെടുന്നത്. ദിനപത്രങ്ങളിൽ വിവിധങ്ങളായ കൗമാരകുറ്റകൃത്യങ്ങളുടെ വാർത്തകളാണ് ദിവസേന വന്നുകൊണ്ടിരിക്കുന്നത്. ചെറുപ്രായത്തിൽത്തന്നെ കുട്ടികൾ കുറ്റവാളികളായിത്തീരാനുള്ള കാരണങ്ങൾ പലതാണ്.

- കുടുംബബന്ധങ്ങളിലെ ശിഥിലീകരണം.
- ലഹരിയുടെ ഉപയോഗം.
- ദൃശ്യമാധ്യമങ്ങളുടെ ദുരുപയോഗം.
- സാമൂഹികമൂല്യങ്ങളുടെ തകർച്ച.
- 
- 

കുട്ടികളിലെ കുറ്റവാസന ഇല്ലാതാക്കുക എന്നത് സമൂഹത്തിന്റെ മൊത്തം ബാധ്യതയാണ്. സ്കൂളുകൾ, പൊലീസ് സംവിധാനം, ബോധവൽക്കരണം, പിന്തുണാസംവിധാനം, സാമൂഹികപ്രവർത്തനം എന്നിവ കുട്ടികളിലെ കുറ്റവാസന തടയാൻ ഏറെ സഹായകമാണ്. കൗമാര കുറ്റകൃത്യങ്ങൾ തടയാനുള്ള സംവിധാനങ്ങളാണ് ചുവടെ തന്നിട്ടുള്ളത്.

### കൗൺസലിംങ് സെന്റർ



കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വ്യക്തിത്വവികാസത്തിനും കുടുംബത്തിന് പ്രധാന പങ്കാണ് വഹിക്കാനുള്ളത്. കുട്ടികളുടെ ആവശ്യങ്ങൾ തിരിച്ചറിയാനും അവരെ മനസ്സിലാക്കാനും കുടുംബത്തെ സഹായിക്കാൻ കൗൺസലിംങ് സെന്ററുകൾക്ക് കഴിയും.

### ജുവനൈൽ കോടതി



കൗമാരക്കാരുടെ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ സ്ഥാപിക്കപ്പെട്ട സംവിധാനമാണ് ജുവനൈൽ കോടതികൾ. മറ്റു കോടതികളുടെ പ്രവർത്തനങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഇതിന്റെ പ്രവർത്തനം.

### ചൈൽഡ് ലൈൻ



കുട്ടികളനുഭവിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും കണ്ടെത്തി അവരെ സഹായിക്കാനും സംരക്ഷിക്കാനുമായി ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് വുമൺ ആന്റ് ചൈൽഡ് ഡവലപ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണ് ചൈൽഡ് ലൈൻ. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ (TISS) പ്രഫസറായ ജീറോ ബില്ലിമോറിയാണ് 1996 ൽ ബോംബെയിൽ ചൈൽഡ് ലൈൻ സ്ഥാപിച്ചത്. പിന്നീട് ഇതിന്റെ പ്രവർത്തനം ഇന്ത്യാഗവൺമെന്റ് 1998-99 ൽ രാജ്യ വ്യാപകമാക്കി. ടോൾഫ്രീ നമ്പരായ 1098 ൽ ഏതു സമയത്തും സേവനം ലഭ്യമാണ്.

**ചൈൽഡ് ഗൈഡൻസ് ക്ലിനിക്** - കുട്ടികളിലെ പ്രശ്നങ്ങൾ കണ്ടെത്താനും വിശകലനം ചെയ്യാനുമുള്ള സംവിധാനം

**കൗൺസലിംങ് സെന്റർ** - കുട്ടികളുടെ പെരുമാറ്റവുമായി ബന്ധപ്പെട്ട (Behavioural) പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള കേന്ദ്രം.

കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങളുടെ കാരണങ്ങളും അവയ്ക്കുള്ള പരിഹാരമാർഗങ്ങളും ഉൾക്കൊള്ളുന്ന ഒരു അന്വേഷണറിപ്പോർട്ട് തയാറാക്കുക.

## സൈബർ കുറ്റകൃത്യങ്ങൾ




വിവരസാങ്കേതികരംഗത്ത് ഇന്ന് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അറിവിന്റെ ഏതറ്റം വരെ പോകാനും നിമിഷങ്ങൾമതി. ഇന്റർനെറ്റ് സൗകര്യം നേരിട്ടോ അല്ലാതെയോ ഉപയോഗപ്പെടുത്താത്തവർ ഇന്ന് വിരളമായിരിക്കും. കമ്പ്യൂട്ടർ, മൊബൈൽഫോൺ, ടാബുകൾ, ടി.വി. തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളാണ് വിവരശേഖരണത്തിനും വിനോദത്തിനുമായി ഉപയോഗപ്പെടുത്തുന്നത്. പൊതുജനങ്ങളിൽ ചിലർ വിവരസാങ്കേതികവിദ്യ ദുരുപയോഗം ചെയ്യാറുണ്ട്. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള കുറ്റകൃത്യങ്ങളുടെ എണ്ണം വർധിച്ചുവരുകയാണ്. സാമൂഹികമാധ്യമങ്ങൾ (Social Media) വ്യക്തികളുടെ സാമൂഹികജീവിതത്തിലും സ്വകാര്യജീവിതത്തിലും നിരവധി പ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നുണ്ട്. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനമായി സൈബർ സെൽ പ്രവർത്തിക്കുന്നു.

സാമൂഹികമാധ്യമങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.

## കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

നാടിന്റെ സമ്പത്താണ് കുട്ടികൾ. അവർക്ക് ഭക്ഷണം, വിദ്യാഭ്യാസം, പരിഗണന, സ്നേഹം തുടങ്ങിയവ ലഭ്യമാക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വത്തിൽനിന്നുള്ള പിന്നോട്ടു പോക്ക് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവിക്ക് ദോഷകരമാണ്. കുട്ടികൾക്കെതിരെ നിരവധി അതിക്രമങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നു. കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ സൂചിപ്പിക്കുന്ന ചിത്രങ്ങളാണ് തന്നിട്ടുള്ളത്. ഈ ചിത്രങ്ങൾ ഏതെല്ലാം അനീതികളെയാണ് സൂചിപ്പിക്കുന്നത്?



സമൂഹത്തിൽ കുട്ടികൾ നേരിടുന്ന വിവിധ അതിക്രമങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയാറാക്കൂ.

നാം ചർച്ചചെയ്ത സാമൂഹികപ്രശ്നങ്ങൾ കൂട്ടിച്ചേർത്തു വായിക്കുമ്പോൾ ചില കാര്യങ്ങൾ ബോധ്യപ്പെടും:

- സാമൂഹികപ്രശ്നങ്ങൾ പലതും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു.
- സാമൂഹികപ്രശ്നങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾക്ക് പൊതുസ്വഭാവങ്ങളുണ്ട്.
- കാലത്തിനനുസരിച്ച് സാമൂഹികപ്രശ്നങ്ങൾക്കു മാറ്റം സംഭവിക്കാറുണ്ട്.
- സാമൂഹികപ്രശ്നങ്ങൾ പരിഹരിക്കാൻ ഒറ്റക്കെട്ടായ പ്രവർത്തനം അനിവാര്യമാണ്.

നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ചില പ്രശ്നങ്ങളെക്കുറിച്ച് ധാരണ നേടിയല്ലോ. ഇത്തരം സാമൂഹികപ്രശ്നങ്ങൾ എല്ലാ ദേശങ്ങളിലുമുണ്ട്. ചില നാടുകളിൽ ചില സാമൂഹികപ്രശ്നങ്ങൾ തീവ്രമായിരിക്കും. ഗ്രാമത്തിലെ സാമൂഹികപ്രശ്നങ്ങളായിരിക്കില്ല നഗരങ്ങളിലുണ്ടാവുക. ഇത്തരം സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പ്രതിരോധിക്കാനും സമൂഹശാസ്ത്രം (Sociology) നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ ചുറ്റുപാടും കാണുന്ന വിവിധ സാമൂഹികപ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയും? ഒരു ചർച്ച സംഘടിപ്പിക്കുക. ചർച്ചയിൽ ഉയർന്നു വരുന്ന നിർദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുക.

**നല്ല നാളെയ്ക്കായി**

**സാമൂഹികപ്രശ്നങ്ങളും പരിഹാരവും**

- ദാരിദ്ര്യം
- തൊഴിലില്ലായ്മ
- പാർപ്പിട പ്രശ്നം
- വൃദ്ധജനങ്ങളുടെ അനാഥത്വം
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ
- ലഹരി പദാർഥങ്ങളുടെ ഉപയോഗം
- കൗമാര കുറ്റകൃത്യങ്ങൾ
- സൈബർ കുറ്റകൃത്യങ്ങൾ
- കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സാമൂഹികപ്രശ്നങ്ങൾ എന്താണെന്ന് നിർവചിക്കുന്നു.
- സാമൂഹികപ്രശ്നങ്ങളുടെ സവിശേഷതകളും പ്രത്യാഘാതങ്ങളും വിശദമാക്കുന്നു.
- വിവിധ സാമൂഹികപ്രശ്നങ്ങളെ വിശകലനം ചെയ്യുന്നു.
- സാമൂഹികപ്രശ്നങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് തിരിച്ചറിയുന്നു.
- സാമൂഹികപ്രശ്നങ്ങളെ ശാസ്ത്രീയമായി പ്രതിരോധിക്കാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും കഴിയുന്നു.



## വിലയിരുത്താം

- സാമൂഹികപ്രശ്നം എന്നാൽ എന്ത്?
- സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ വിശദമാക്കുക.
- സാമൂഹികപ്രശ്നങ്ങളുടെ പരസ്പരബന്ധം വിശകലനം ചെയ്യുക.



## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്തുള്ള ഒരു സാമൂഹികപ്രശ്നം കണ്ടെത്തുക. ഫീൽഡ്‌വർക്ക് നടത്തി ആ പ്രശ്നത്തോടു ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തുക. അവ വിശകലനം നടത്തി റിപ്പോർട്ട് തയാറാക്കുക.
- നിങ്ങളുടെ ചുറ്റുവട്ടത്തുമുള്ള ഏതെങ്കിലും ഒരു സാമൂഹികപ്രശ്നത്തെക്കുറിച്ച് ഡോക്യുമെന്ററി തയാറാക്കുക.